കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

dowyd.ksad@gov.ine-mail:

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി4- 880/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ.

തീയതി:6/1/2017

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ല

പ്രസിഡണ്ട്(സെക്രട്ടറി മുഖാന്തിരം)

നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്-

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -13-ാംവകുപ്പ് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, കേരള പഞ്ചായത്ത് രാജ് നിയമം215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടിക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ 3-6,3-8,3-9 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.ഈ റിപ്പോർട്ട് കിട്ടിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം രേഖാമൂലം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും-ചട്ടങ്ങൾ 14,15).

ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ ചർച്ച ചെയ്യേണ്ടതും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ3(എ)(3).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം20,23 1997-ലെ (കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും-ചട്ടം 21(1),(2) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ്-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉ.പ.സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി4- 880/2016

തീയതിഃ 6/1/2017.

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1996-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)- വകുപ്പ്,1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -13 വകുപ്പ്,1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2015 മുതൽ 31.3.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 31 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി

പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ആർ.ചക്രേശ്വര ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയതിന്റെ വിവരം:

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 3.12.2016 മുതൽ 17.12.2016 വരെ | ശ്രീമതി.ഷീന.കെ.ടി ,ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.കെ.കെ.ബിന്ദു.അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ. പി.ജയൻ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | 1. | ശ്രീമതി.സുമ ഭാസ്കരൻ | 01.042015മുതൽ 19.11.2015വരെ |
| | | കെ .ശോഭൻകുമാർ | 20.11.2015മുതൽ 31.3.2016 വരെ |
| വൈസ് പ്രസിഡന്റ് | 1. | കെ.എം.പൗലോസ് | 01.042015മുതൽ 31.10.2015വരെ |
| | | നിർമ്മല മാത്യു | 20.11.2015മുതൽ 31.3.2016 വരെ |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 1. | ശ്രീമതി.അമ്മിണി പൂത്തറ | 01.04.2015മുതൽ 31.10.2015വരെ |
| | | ഫൈസൽ.സി. | 20.11.2015മുതൽ 31.3.2016 വരെ |

| | | | |
|---|---|---|---|
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 1. | ശ്രീ. കെ.ടി.കുര്യാക്കോസ് | 01.042015മുതൽ 31.10.2015വരെ |
| | | പുഷ്പ ഭാസ്കരൻ | 20.11.2015മുതൽ 31.3.2016 വരെ |
| ആരോഗ്യ/വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 1. | ശ്രീമതി. ഷീജ സതീഷ് | 01.042015മുതൽ 31.10.2015വരെ |
| | | ബാലൻ.വി. | 20.11.2015മുതൽ 31.3.2016 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ക്രമനം. | തസ്തിക | പേര് | കാലയളവ് |
|---|---|---|---|
| 1 | സെക്രട്ടറി | ശ്രീമതി. കെ.എം.സരസ്വതി | 01.04.2015മുതൽ 22.07.2015 വരെ |
| | | ശ്രീ.വി.എം.അബ്ദുള്ള | 23.7.15 മുതൽ 31.3.16 വരെ |
| 2 | അസി.എഞ്ചിനീയർ | ശ്രീ.ജീവൻ.പി. | 01.04.2015മുതൽ 31.03.2016വരെ |
| 3 | കൃഷി ആഫീസർ | ശ്രീമതി. രേഖ. ടി. | 01.04.2015മുതൽ 31.03.2016വരെ |
| 4 | വി.ഇ.ഒ | ശ്രീ. ലെനിൻ | 01.04.2015മുതൽ 31.03.2016വരെ |
| 5 | വെറ്ററിനറി സർജ്ജൻ | ഡോ.കെ.അസൈനാർ | 01.04.2015മുതൽ 31.03.2016വരെ |
| 6 | ഹെഡ് മാസ്റ്റർ | ശ്രീ.രാമകൃഷ്ണൻ. | 01.04.2015മുതൽ 31.03.2016വരെ |
| 7 | ICDS സൂപ്പർവൈസർ | ശ്രീമതി.ലൂസി | 01.04.2015മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2016വരെ |
| 8 | മെഡിക്കൽ ഓഫീസർ(ആയു.) | ഡോ.നിഷ | 01.04.2015മുതൽ 31.03.2016വരെ |
| 9 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.രഞ്ജിത്ത് ചന്ദ്ര | 01.04.2015മുതൽ 23.6..2015വരെ |
| | | ഡോ.രഞ്ജിത്ത് | 24.6.15മുതൽ31.3.16 വരെ |
| 10 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ഉമാദേവി | 01.04.2015മുതൽ 31.03.2016വരെ |
| 11 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | ഡോ.അനിൽകുമാർ.പി.ഒ | 01.04.2015മുതൽ 31.03.2016വരെ |
| 12 | അസി.സെക്രട്ടറി | തോമസ് സെബാസ്റ്റ്യൻ | 01.04.2015മുതൽ 31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തനത് വരുമാനം. | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ഗുണഭോക്തൃതെരഞ്ഞെടുപ്പ് | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-11 |
| 13 | വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല | 1-12 |
| 14 | ഗ്രാമസഭാസംഘാടനം കാര്യക്ഷമമല്ല | 1-13 |
| 15 | വാർഷികകണക്കുകളുടെ പരിശോധന | 1-14 |
| 16 | കേകെട്ടിടനിർമ്മാണപെർമിറ്റ് അപാകങ്ങൾ | 2-1 |
| 17 | ഡി & ഒ ലൈസൻസ് -വാർഡ് തല ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കാത്തത് | 2-2 |
| 18 | തൊഴിൽനികുതി -ഈടാക്കിയതിലെ പാളിച്ചകൾ | 2-3 |
| 19 | തണ്ണീർത്തടസംരക്ഷണനിയമം നടപ്പാക്കുന്നതിലെ അപാകങ്ങൾ | 2-4 |
| 20 | ടെലികമ്മ്യൂണിക്കേഷൻ ടവറുകൾക്ക് പെർമിറ്റ് നൽകുന്നത് | 2-5 |
| 21 | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. | 2-6 |
| 22 | റിസോർട്ടുകളിൽ നിന്നും വസ്തുനികുതി കുറവ് ഈടാക്കി | 2-7 |
| 23 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ | 3-1 |
| 24 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ | 3-2 |
| 25 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ | 3-3 |
| 26 | ഐ.എ.വൈ.ഭവനനിർമ്മാണപദ്ധതികൾ | 3-4 |
| 27 | ഹോംകോ -യിൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം | 3-5 |
| 28 | പൊതുമരാമത്ത് പ്രവൃത്തികൾ-അശാസ്ത്രീയമായ ആസൂത്രണം | 3-6 |

| | | |
|---|---|---|
| 29 | മെയിന്റനൻസ് ഗ്രാന്റ് വക മാറ്റി | 3-7 |
| 30 | കകല്ലൂർ പൈതൃകമ്യൂസിയം മണ്ണ് നിറക്കൽ | 3-8 |
| 31 | കകല്ലൂർ ആയുർവേദ ആശുപത്രിക്ക് സമീപം മണ്ണ് നിറക്കൽ | 3-9 |
| 32 | കണ്ണംകോട് മാതമംഗലം റോഡ് ഫോർമേഷൻ | 3-10 |
| 33 | മാറോട് പുത്തൻചിറ റോഡ് ഫോർമേഷൻ | 3-11 |
| 34 | ചുണ്ടപ്പാടി -ചീങ്ങപ്പുര റോഡ് ഫോർമേഷൻ | 3-12 |
| 35 | വെള്ളതൊണ്ടി റോഡ് ഫോർമേഷൻ | 3-13 |
| 36 | പള്ളിവയൽ മണലിമൂല റോഡ് ഫോർമേഷൻ | 3-14 |
| 37 | കാളക്കണ്ടി ഏബ്രഹാം നടപ്പാത ഫോർമേഷൻ | 3-15 |
| 38 | കുമിൾപ്പുര പൊട്ടൻചിറ റോഡ് ഫോർമേഷൻ | 3-16 |
| 39 | മമ്മതംപാളി കോളനി റോഡ് ഫോർമേഷൻ | 3-17 |
| 40 | ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിച്ചില്ല | 3-18 |
| 41 | ഗുണഭോക്തൃസമിതി പ്രവൃത്തി -നികുതി ഈടാക്കാത്തത് | 3-19 |
| 42 | നാഗരംചാൽ -മാതമംഗലം റോഡ് പ്രവൃത്തി | 3-20 |
| 43 | ജലസേചന പ്രവൃത്തികൾ-അപാകങ്ങൾ | 3-21 |
| 44 | ബിറ്റുമിൻ വാങ്ങി വിതരണം നടത്തിയതിലെ അപാകതകൾ | 3-22 |
| 45 | പണയമ്പം -ചിറമൂല റോഡ് പ്രവൃത്തി -അപാകതകൾ | 3-23 |
| 46 | അഗതി-ആശ്രയ പദ്ധതി നടത്തിപ്പ് -അപാകങ്ങൾ | 3-24 |

| | | |
|---|---|---|
| | ഭാഗം 4 | |
| 47 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| 48 | വായ്പ/വായ്പ തിരിച്ചടവ് | 4-2 |
| 49 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 50 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-4 |
| 51 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 52 | ഓഡിറ്റ് റിക്കവറി | 4-6 |
| 53 | സമാഹൃത ഓഡിററ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 54 | ഓഡിറ്റ് പ്രത്യവലോകനം. | 4-8 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 24.3.15 തിയ്യതിയിലെ 51/15ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. 2015-16 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് 3.3.16 ലെ 32/16 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 29.7.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 13798349 | 19005530 | 32803879 | 24156397 | 8647482 | 73.6 |
| വികസന ഫണ്ട്എസ്.സി.പി. | 1238891 | 1163000 | 2401891 | 871990 | 1529901 | 36.3 |
| വികസനഫണ്ട് ടി.എസ്. പി. | 20867634 | 24407000 | 45274634 | 25092017 | 20182617 | 55.42 |
| സംരക്ഷണഗ്രാന്റ് റോഡ് | 9137891 | 13432000 | 22569891 | 19549349 | 3020542 | 88.61 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5264873 | 5214000 | 10478873 | 5016421 | 5462452 | 47.87 |
| 13-ാം ധനകാര്യ കമ്മീ ഷൻ ഗ്രാന്റ് | 12053511 | 26829498 | 52681358 | 14967483 | 37713875 | 28.41 |
| എം.എൻ.ആർ. ഇ.ജി. എസ്. | 84406 | 33702632 | 33787038 | 33785048 | 1990 | 100 |
| ബി ഫണ്ട് | 0 | 35782660 | 35782660 | 35782660 | - | 100 |
| പൊതു ആവശ്യഗ്രാന്റ് | 6323727 | 7986433 | 14310160 | 4161941 | 10148219 | 29 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത്(എണ്ണം) | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശത മാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 403 | 319 | 27 | 85 | 67% |

## 1-6 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3156777 | 2918455 | 238322 | -7% |
| നികുതിയേതര വരവുകൾ | 799303 | 744594 | 54709 | -7% |
| മറ്റുവരവുകൾ | -- | - | - | |
| ആകെ | 3956080 | 3663049 | 293031 | -7% |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 240600 | 147 |
| കർഷകതൊഴിലാളി പെൻഷൻ | 3591540 | 406 |
| വിധവാപെൻഷൻ | 14272400 | 1258 |
| വാർദ്ധക്യകാലപെൻഷൻ | 12553320 | 1480 |
| വികലാംഗപെൻഷൻ | 3289880 | 266 |
| അവിവാഹിത പെൻഷൻ | 415280 | 44 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.12.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2318/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.11.2016 -10.11.2016 | 2016 ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ | 292/16 ,19.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/07/2014 മുതൽ 25/07/2014 | 2009-10 മുതൽ 2013-14 വരെ | എൽ.ബി.എ (എച്ച്.ക്യു) II/8A-2189/224തീയ്യതി 10/9/2014 |

## 1-10 ഗുണഭോക്തൃതെരഞ്ഞെടുപ്പ് സുതാര്യമല്ല.

2015-16 വർഷം പഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3, ജി.ഒ.(പി)-220/97/ ത.ഭ.വ. 2.10.97 എന്നിവ പാലിക്കുന്നില്ല എന്ന് കണ്ടു.

ഗ്രാമസഭകൾ മുഖാന്തിരം ആവശ്യമായ പ്രചാരണം നടത്തി മുൻഗണനാക്രമത്തിൽ ഓരോ വാർഡുകളിലും മുൻഗണനാലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് യോഗത്തിലാണ് പട്ടിക തയ്യാറാക്കേണ്ടത്. ഈ ഗ്രാമപഞ്ചായത്ത് യോഗത്തിൽ പ്രാദേശിക മാധ്യമപ്രവർത്തകർക്കും പൊതുജനങ്ങൾക്കും പ്രവേശനം നൽകേണ്ടതാണ്. ഈ പട്ടിക കരടായി പ്രസിദ്ധീകരിക്കേണ്ടതും കരട് ലിസ്റ്റിൻ മേൽ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിച്ച് അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമസഭാമിനുട്സുകളിൽ എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ച് മുൻഗണനാലിസ്റ്റുകൾ തയ്യാറാക്കിയിട്ടില്ല. ഉദാഹരണമായി, നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, വേരു പിടിപ്പിച്ച കുരുമുളക് തൈവിതരണം എന്നീ പ്രോജക്ടുകൾക്ക് കൃഷിഭവൻ മുഖേന അപേക്ഷ ക്ഷണിക്കുകയും ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയുമാണ് ചെയ്തത്. ഈ ലിസ്റ്റ് തുടർന്നു കൂടിയ ഗ്രാമസഭായോഗങ്ങളിൽ അംഗീകരിച്ചിട്ടുമില്ല.

## 1-11 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടക്കുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.നികുതിയിനങ്ങളുടെ രജിസ്റ്ററുകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല.

2. ഇൻക്രിമെന്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല.

3.ലോൺ രജിസ്റ്റർ എഴുതിയിട്ടില്ല

4.പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കുകയോ, യോഗം ചേരുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 8.11.2010 ലെ ജി.ഒ.പി. 259/2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കാതെയാണ്

തൻവർഷം പഞ്ചായത്തിൽ വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

5.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.2015-16 സാമ്പത്തികവർഷം പഞ്ചായത്ത് വാങ്ങിയ പല ആസ്തികളുടെയും വിവരം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.എസ്.എസ്.എ മുഖേനയും മറ്റും സ്കൂളുകളിൽ നടത്തിയിട്ടുള്ള നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ ,നിർവഹണ ഉദ്യോഗസ്ഥർ സമാഹരിക്കുന്ന ആസ്തികളുടെ വിവരങ്ങൾ എന്നിവ ചേർക്കുന്നില്ല.

6. പേഴ്സണൽ രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല.തപാലുകൾ സെക്ഷനിലേക്ക് നൽകുന്നതിന്റെ തീർപ്പാക്കലുകൾ നിരീക്ഷിക്കാൻ കഴിയുന്നില്ല.

7. പഞ്ചായത്ത് യോഗങ്ങളുടെ തീരുമാനം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8.മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-12 വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണമാർഗ്ഗരേഖ ജി.ഒ (.എം.എസ്) 362/13തീയതി 16.11.13 പ്രകാരം പങ്കാളിത്ത ആസൂത്രണത്തിൽ സമഗ്രവികസനം മുന്നിൽകണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലാണ്. 13 വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും

തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ ഒരു തവണ മാത്രമാണ് യോഗം ചേർന്നത്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല .നടപ്പുപദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല. മുൻവർഷങ്ങളിൽ യോഗം ചേർന്നതിന്റെ വ്രക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ എഴുതി പൂർത്തീകരിച്ചില്ല. ഏറ്റവും കൂടുതൽ പദ്ധതികൾ ഉള്ള പൊതുമരാമത്ത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് തൻവർഷം ഒരു യോഗം പോലും ചേർന്നിട്ടില്ലയെന്നത് എടുത്ത് പറയേണ്ട വീഴ്ചയാണ്.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും മോണിട്ടർ ചെയ്യുന്നതിലും പ്രധാനപങ്കാളിത്തം വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കാതെ പദ്ധതികൾ രൂപീകരിക്കുന്നത് ക്രമ പ്രകാരമല്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കാതെ പദ്ധതികൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഗ്രാമസഭാസംഘാടനം കാര്യക്ഷമമല്ല.

പഞ്ചായത്തിലെ ഗ്രാമസഭാ മിനുട്സുകൾ പരിശോധിച്ചതിൽ ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിൽ ചില വീഴ്ചകൾ വന്നത് ശ്രദ്ധയിൽപ്പെട്ടു. 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം 3 മാസത്തിലൊരിക്കൽ ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതും യോഗത്തിന്റെ ക്വോറം ആകെ വോട്ടർമാരുടെ പത്ത് ശതമാനം ആയിരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വിളിച്ചുചേർത്ത പല ഗ്രാമസഭാ യോഗങ്ങളിലും ക്വോറം തികയുന്നില്ല. ക്വോറം തികയാത്ത യോഗങ്ങൾ മാറ്റിവെച്ച് വീണ്ടും വിളിച്ചുചേർക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | വോട്ടർമാരുടെ എണ്ണം | തീയതി | ഹാജർ |
|---|---|---|---|

| | | | |
|---|---|---|---|
| 15 | 945 | 4.2.16 | 91 |
| 17 | 1473 | 4.2.16 | 113 |
| 9 | 813 | 4.2.16 | 77 |
| 1 | 1144 | 4.2.16 | 108 |

ഗ്രാമസഭാ യോഗങ്ങളിൽ ചെയ്യേണ്ട പല കാര്യങ്ങളും ചെയ്യതായിക്കാണുന്നില്ല. മുൻവർഷത്തെ വരവു ചെലവുകണക്കുകൾ അംഗീകരിക്കുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യുന്നില്ല.പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്യുന്നില്ല. ഗ്രാമസഭകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വാർഷിക കണക്കുകളിലെ അപാകതകൾ - സംബന്ധിച്ച്.

2015-16 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമ പഞ്ചായത്ത് സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സുൽത്താൻ ബത്തേരി സബ് ട്രഷറി ബാങ്കിംഗ് ട്രഷറി ആയിരിക്കെ S.B.T യിലെ 9611, Plan Fund Account ആയി തുടരുകയും 357435 രൂപ മുൻബാക്കിയായും 371875രൂപ നീക്കിയിരിപ്പായും കാണിച്ചിരിക്കുന്നു.
2. വിവിധ നികുതി ,നികുതി ഇതര ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. വിവിധ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും കണക്കുകൾ തിട്ടപ്പെടുത്താതെയും വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ എങ്ങനെ കണക്കാക്കി എന്ന് വ്യക്തമാക്കേണ്ടതുണ്ട്.
4. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും സെക്രട്ടറി നേരിട്ടും നൽകിയ ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുകയുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
5. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
6. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
7. ആസ്തി രജിസ്റ്റർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കി പൂർത്തിയാക്കിയിട്ടില്ല. തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വിവിധ പ്രൊജക്ടുകളിലായി ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ തുടങ്ങി ധാരാളം സാധന സാമഗ്രികൾ വാങ്ങുന്നുണ്ട്. ഇവയൊന്നും പ്രൊക്വർമെന്റ് കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. മാത്രമല്ല ഇത്തരത്തിൽ വാങ്ങുന്ന സാധനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സെക്രട്ടറി പൊതു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഇത്തരം വാങ്ങലുകൾ നടത്താത്തതും പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.
8. സാഫല്യം ഭവന പദ്ധതിക്ക് ലോൺ എടുത്തിട്ടുണ്ടെങ്കിലും ലോൺ രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല.

    1. MNREGS, EFMI വഴി നൽകിയതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

    10. ICDS, രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി, തുടങ്ങി പ്രത്യേകാവശ്യങ്ങൾക്ക് നൽകിയ തുക തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

11. ജി.ഒ.(പി)419/15/ഫിൻ/19/09/2015 പ്രകാരമുള്ള കൃത്യമായ കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

12. വയനാട് ജില്ലാ പഞ്ചായത്ത്, സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് എന്നിവ നെൽ കൃഷി പ്രോത്സാഹന പദ്ധതിക്കായി നൽകിയ തുക കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന നേരിട്ട് കൃഷി ഓഫീസർക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ജി.ഒ. (എം.എസ്) 362/13 ത.സ്വ.ഭ.വ 16.11.13 പ്രകാരം തുക സ്വീകരിക്കേണ്ട സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ രേഖാമൂലമുള്ള റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ തുക സെക്രട്ടറിയുടെ പേരിലാണ് അനുവദിക്കേണ്ടത്. സ്വീകരിക്കുന്ന തുക ട്രഷറിയിൽ നിക്ഷേപിച്ച് നിർവഹണ ഉദ്യോഗസ്ഥന് അലോട്ട്മെന്റ് ആയി നൽകുകയാണ് ചെയ്യേണ്ടത്. സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് സംയുക്ത പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചത്. ആയതിനാൽ ഈ തുകകൾ പഞ്ചായത്തിന്റെ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

13. തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 തീയതി 13/12/2016 ക്ക് വിശദീകരണം നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട പെർമിറ്റ് നല്കുന്നതിലെ അപാകതകൾ

1. യഥാസമയം അപേക്ഷകൾ തീർപ്പാക്കുന്നില്ല.

കെ.പ.രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 സെക്ഷൻ 15 പ്രകാരം ലഭിക്കുന്ന അപേക്ഷകളിൻ മേൽ 30 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ 2015-16 ലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പല അപേക്ഷകളിൻ മേൽ യഥാസമയം നടപടിയെടുത്തതായി കാണുന്നില്ല. ഏതാനും ഉദാ. താഴെപ്പറയുന്നു.

| 2. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ ക്രമനം/തപാൽ നം | അപേക്ഷ ലഭിച്ച തിയ്യതി | പെർമിറ്റ്നമ്പർ/ നല്കിയ തിയ്യതി |
|---|---|---|
| 12(3251/15) | 16/04/15 | 25/04.08.15 |
| 16(3832/15) | 13/05/15 | 33/18.09.15 |
| 49(7001/15) | 04/08/15 | ഇതുവരെ തീരുമാനമെടുത്തിട്ടില്ല |
| 65(7933/15) | 14/09/15 | ,, |

2011 ലെ കെ.പ.രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നടപടിയെടുക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

2. അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന മുറയ്ക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. ഉദാ.4361/30.03.16

നമ്പർ തപാലിനു ശേഷമാണ് 3534/15.03.16 നമ്പർ തപാൽ ചേർത്തിട്ടുള്ളത്. കൂടാതെ അപേക്ഷകൾ ക്രമ പ്രകാരമല്ല തീരുമാനമെടുക്കുന്നത്. ഉദാ 13/10/15 ന് ലഭിച്ച 9531/16 നമ്പർ അപേക്ഷയിൽ തീരുമാനമെടുത്തത് 15/03/16 നാണെങ്കിൽ 31/10/15 ന് ലഭിച്ച 10093/15 നമ്പർ അപേക്ഷയിൽ 21/11/15 ന് തീരുമാനമെടുത്തു. വിശദീകരണം നല്കേണ്ടതാണ്.

3. A2-3721/15 തിയ്യതി 07/05/15, സുരേന്ദ്രനാഥ് വി.ജി എന്നവരുടെ അപേക്ഷ, A2-5757/15 തിയ്യതി 10/07/15 ലെ അത്തീക്ക് റഹ്മാൻ എടക്കണ്ടി എന്നവരുടെ പെർമിറ്റ് ഫയൽ (ആർ.സി 20/15-16) എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

4) കെട്ടിട പെർമിറ്റ് നല്കിയതിലെ അപാകതകൾ

ചോലമുകത്ത് അൻവർ, ഡയറക്ടർ സി ഇന്ത്യ ടൂർസ് പ്രൈവറ്റ് എന്നവരുടെ ഫാമിലി റിസോർട്ട് പണിയുന്നതിനുള്ള 23/01/16 ലെ 982/16 നമ്പർ അപേക്ഷ പ്രകാരം നൂൽപ്പുഴ പഞ്ചായത്തിലെ 35 ാം നമ്പർ ബ്ലോക്കിലെ റീസർവ്വേ നം -11/8 സ്ഥലത്ത് വീട് പണിയുന്നതിന് ബി.എ-11/16-17 തിയ്യതി 28/04/2016 പ്രകാരം പെർമിറ്റ് നല്കി. ഈ ഫയൽ പരിശോധച്ചതിൽ താഴെപ്പറയുന്ന അപാതകൾ കാണുന്നു.

1) സ്ഥലത്തിന്റെ ആധാരം പരിശോധിച്ചതിൽ റീസർവ്വേ നം. -11/8 നമ്പർ സ്ഥലം നിലമാണ്. 2008 ലെ കേരള നെൽ വയൽ തണ്ണീർതട സംരക്ഷണ നിയമ പ്രകാരം ആർ.ഡി.ഒ.യുടെ അനുമതിയോടു കൂടി മാത്രമേ നിലം നികത്താവൂ. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2)ആധാരം പ്രകാരം അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള റീസർവ്വേ നം. -11/8(നിലം), 11/7 (കര) എന്നീ രണ്ട് സ്ഥലത്തിന്റെയും അതിരുകൾ ഒന്നാണ്. ഈ അതിരുകൾ തന്നെയാണ് കെട്ടിട നിർമ്മാണ പെർമ്മിറ്റിനുള്ള അപേക്ഷയോടൊപ്പമുള്ള സൈറ്റ് പ്ലാനിൽ കാണിച്ചിട്ടുള്ളത്. അതായത് പുതിയതായി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം 11/7 ലും 11/8 ലും ഉൾപ്പെടുന്നു. അസി.എൻജിനീയറുടെ 15/04/2016 ലെ 50/16 നമ്പർ ഇൻസ്പെക്ഷൻ റിപ്പോർട്ടിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ അപേക്ഷയിലും പ്ളോട്ടിന്റെ വിശദാംശം എന്ന കോളത്തിൽ മേൽ സൂചിപ്പിച്ച രണ്ട് സർവ്വേനമ്പറും എഴുതിയതിനുശേഷം നിലമായ റീസർവ്വേനം -11/8 വൈറ്റ്നർ കൊണ്ട് മായ്ച്ചതായി കാണുന്നു.

3)സൈറ്റ് പ്ലാനിലെ സ്ഥലത്തിന്റെ ആകൃതിയും വില്ലേജ് ഓഫീസർ നല്കിയ സ്കെച്ചും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സൈറ്റ് പ്ലാനിൽ റവന്യൂ സർവ്വേനമ്പർ വിവരങ്ങളടക്കം നിർദിഷ്ട നിർമ്മാണത്തിനായി ഉദ്ദേശിക്കുന്ന പ്ലേട്ടിന്റെ അതിരുകളും പ്ലോട്ടുടമയുടെ തന്നെ തൊട്ടടുത്ത ഭൂമിയുടെ അതിരുകൾ കാണിച്ചിട്ടില്ല (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 7 ഉപചട്ടം(11)

4)സൈറ്റ് പ്ലാനിൽ 87 m2 തറ വിസ്തീർണ്ണമുള്ള നിലം നിരപ്പ് നില, ഒന്നാം നില എന്നിങ്ങനെയുള്ള 2 കെട്ടിടങ്ങൾ പണിയുന്നതായിട്ടാണ് കാണിച്ചിട്ടുള്ളതെങ്കിലും പെർമിറ്റ് നല്കിയിട്ടുള്ളത് 174 m2 വീതം തറ വിസ്തീർണ്ണമുള്ള നിലം നിരപ്പ് നില,ഒന്നാം നില എന്നിങ്ങനെയുള്ള ഒരു കെട്ടിടം പണിയുന്നതിനാണ്.

5)അപേക്ഷയോടൊപ്പമുള്ള മഴ വെള്ള സംഭരണ സംവിധാനത്തിന്റെ പ്ലാനിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സംഭരണടാങ്കിന്റെ ശേഷി കാണിച്ചിട്ടില്ല (കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ 2011 സെക്ഷൻ 102 ഉപചട്ടം(3)

6) റിസോർട്ട് പണിയുന്നതിനുള്ള അപേക്ഷക്ക് വാസഗൃഹം നിർമ്മിക്കുന്നതിനുള്ള പെർമ്മിറ്റാണ് നല്കിയിട്ടുള്ളത്. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടം റിസോർട്ട് (A2) വിഭാഗത്തിൽപ്പെടുന്നുവെന്ന്

അസി. എൻജിനീയറുടെ 15/04/2016 ലെ 50/16 നമ്പർ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

7) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 104 പ്രകാരം പൊതുജന സമ്പർക്കമുള്ള A2 വിഭാഗത്തൽപ്പെടുന്ന എല്ലാ കെട്ടിടങ്ങളിലും ശാരീരിക അവശതകളുള്ളവർക്കു വേണ്ടി റാമ്പ്, ശൗചാലയം, പ്രത്യേക പാർക്കിംഗ് സൗകര്യം, ഓരോ 25 മുറികൾക്കും അതിന്റെ ഭാഗത്തിനും അവർക്ക് ഒരു മുറി എന്നീ സൗകര്യങ്ങൾ ഉണ്ടാകേണ്ടതാണ്. എന്നാൽ അപേക്ഷയോടൊപ്പമുള്ള പ്ലാനിൽ ഇതൊന്നും കാണിച്ചിട്ടില്ല.

8) അപേക്ഷയോടൊപ്പം പാർക്കിംഗ് പ്ലാൻ ഹാജരാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ 2011 ചട്ടം 7 ഉപചട്ടം 11(ഡി)

9) സൈറ്റ് പ്ലാൻ, ആധാരം എന്നിവ പ്രകാരം പ്ലോട്ടിന്റെ തെക്ക് ഭാഗം വനമാണ്. ആയതിനാൽ വനം വകുപ്പിന്റെ ക്ലിയറൻസ് ആവശ്യമാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ -28 /15-16/16.12.16 ന് മറുപടി ലഭിച്ചില്ല. മേൽ വിഷയങ്ങളിൽ നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ്-വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച്

1) നിലവിൽ പഞ്ചായത്തിൽ ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന 1158 കെട്ടിടങ്ങളിൽ(13/12/16 ലെ കണക്കു പ്രകാരം) അവ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടുണ്ടോ?

ആയതിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ ഫീൽഡ് പരിശോധന നടത്തി വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കിയിട്ടുണ്ടോ ? ഓഡിറ്റിന് ഹാജരാക്കിയ 2015-16 കാലയളവിലെ വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്തിൽ 322 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2015-16 കാലയളവിൽ ഡി &ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം-176 മാത്രമാണ്. ആയതിനാൽ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച 146 സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുത്തിരുന്നോ?ഉണ്ടെങ്കിൽ വിശദാംശം നല്കാമോ?

2) വാർഡ് തല ട്രേഡേ് ലിസ്റ്റ് അപൂർണ്ണം

ഓഡിറ്റിന് ഹാജരാക്കിയ വാർഡ്തല ട്രേഡേ് ലിസ്റ്റിൽ പല വാർഡുകളിലെ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് എടുത്തതിന്റെ വിവരമോ, തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരമോ രേഖപ്പെടുത്തിയിട്ടില്ല.ഉദാ. വാർഡ് 6,7,8,9,15,16 തുടങ്ങിയവ.വാർഡ്തല ട്രേഡേ് ലിസ്റ്റ് എല്ലാവിവരങ്ങളും രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3)വാർഡ്തല ട്രേഡേഴ്സ് പരിശോധിച്ചതിൽ പതിനൊന്നാം വാർഡിൽ പന്നിമാംസം വില്പന നടത്തുന്ന സ്റ്റാൾ പ്രവർത്തിക്കുന്നതായി രേഖയുണ്ട്(കെട്ടിട നം-10).ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധച്ചതിൽ അത്തരമൊരു സ്ഥാപനത്തിന് ലൈസൻസ് നല്കിയതായി കാണുന്നില്ല.ആയതിന് വിശദീകരണം നല്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ ലൈസൻസോടെ പ്രവർത്തിക്കുന്ന വിവിധ കശാപ്പുശാലകളുടെ വിശദാംശം (കെട്ടിടഉടമയുടെ പേര്, കെട്ടിടനമ്പർ, ലൈസൻസെടുത്ത ആളുടെ പേരും ലൈസൻസ് നമ്പർ എന്നിവ) ഓഡിറ്റിന് നല്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.19/15-16 ഖണ്ഡിക (1), (2) എന്നിവയ്ക്ക് മറുപടിയായി ജീവനക്കാരുടെ രൂക്ഷമായ കുറവ് മൂലം പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് ഗാർഹികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന 1158 കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കുകാൻ സാധിച്ചിട്ടില്ല. വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ദിവസ വേതനത്തിന് ജീവനക്കാരെ വെച്ച് ഇക്കാര്യത്തിൽ നടപടിയെടുക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 2015-16 വർഷം 176 സ്ഥാപനങ്ങൾ ലൈസൻസെടുത്തിട്ടുണ്ടെന്നും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടിയെടുക്കുന്നതിന്റെ ഭാഗമായി വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നല്കി കഴിഞ്ഞുവെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.പഞ്ചായത്തിലെ ഗാർഹികേതരആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന മുഴുവൻ കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്ററ് ആവശ്യപ്പെട്ട് നോട്ടീസ് നല്കി മറുപടിയുടെ അടിസ്ഥാനത്തിൽ പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വാർഡ്തല പുതുക്കി പൂർണ്ണ വിവരങ്ങൾ സ്ഥാപനങ്ങളെല്ലാം ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് എത്രയും പെട്ടെന്ന് ഉറപ്പുവരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഖണ്ഡിക (3) ന് മറുപടിയായി പതിനൊന്നാം വാർഡിൽ 10 ാം നമ്പർ കെട്ടിടത്തിൽ അനധികൃതമായി പന്നിമാംസം വില്പന നടത്തിയ ശ്രീ ഡെന്നീഷ് മാത്യൂസ്സാൾ എന്നിവർക്കെതിരെ നടപടിയെടുത്തിട്ടുണ്ടെന്നും തുടർന്ന് ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 2-3 തൊഴിൽ നികുതി ഈടാക്കിയതിലെ പാളിച്ചകൾ

1) തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച്.

1996 ലെ കേ.പ.രാജ് ആക്ട് സെക്ഷനുകൾ 205(ബി) മുതൽ 205 (എഫ്) പ്രകാരവും 1996 കേ.പ.രാ തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 10, 13 എന്നിവ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

| ക്രമനം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സുൽത്താൻബത്തേരി കോപ്പറേറ്റീവ് മില്ക്ക് സപ്പ്ളൈ സൊസൈറ്റി രണ്ട് അർദ്ധവർഷവും സ്ഥാപനത്തിന്റെ തൊഴിൽനികുതി അടവാക്കിയിട്ടില്ല. |
| 2 | ഷെഡ്യൂൾഡ് ട്രൈബ് സർവ്വീസ് കോപ്പറേറ്റീവ് സൊസൈറ്റി - സ്ഥാപനത്തിന്റെ തൊഴിൽ നികുതി രണ്ട് അർദ്ധവർഷവും അടവാക്കിയിട്ടില്ല. |
| 3 | സുൽത്താൻബത്തേരി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് - സ്ഥാപനത്തിന്റെ തൊഴിൽ നികുതി രണ്ട് അർദ്ധവർഷവും അടവാക്കിയിട്ടില്ല |
| 4 | കേരള ഗ്രാമീൺ ബാങ്ക് കല്ലൂർ ബ്രാഞ്ച്- സ്ഥാപനത്തിന്റെ തൊഴിൽ നികുതി രണ്ട് അർദ്ധവർഷവും അടവാക്കിയിട്ടില്ല |

| | |
|---|---|
| 5 | ഹെഡ് ലോഡ് വർക്കേഴ്സ് ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള നൂൽപ്പുഴ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവർ -രണ്ട് അർദ്ധവർഷവും തൊഴിൽനികുതി അടവാക്കിയിട്ടില്ല. |
| 6 | നൂൽപ്പുഴ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ,കോൺട്രാക്റ്റർമാർ,വക്കീലുമാർ ,അക്ഷയസെന്ററിലെ ജീവനക്കാർ-രണ്ട് അർദ്ധവർഷവും തൊഴിൽനികുതി അടവാക്കിയിട്ടില്ല. |
| 7 | എമറാൾഡ് വെസ്റ്റേൺഘട്ട് റിസോർട്ട്,ഓർക്കിഡ് റിസോർട്ട്,ചങ്ങാതി ഗ്രീൻവില്ല റിസോർട്ട്,ജംഗിൾ ഡേയ്സ് ഫാം റിസോർട്ട് തുടങ്ങിയ നൂൽപ്പുഴ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ -രണ്ട് അർദ്ധവർഷവും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽനികുതിയും അടവാക്കിയിട്ടില്ല. |
| 8 | നൂൽപ്പുഴ വെറ്ററിനറി ഡിസ്പൻസറിയിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറായി യഥാക്രമം 07.08.15,05.08.15 എന്നീ തിയ്യതികളിൽ ജോലിയിൽ പ്രവേശിച്ച പ്രദീപ് എ.സി,പ്രസന്നകുമാർ പി.ആർ (അടിസ്ഥാന ശമ്പളം-33160/-)എന്നിവരിൽ നിന്നും ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.ആയതിന് രേഖകൾ സഹിതം വിശദീകരണം നല്കേണ്ടതാണ്. |
| 9 | മുത്തങ്ങ വൈൽഡ് ലൈഫ് റേയ്ഞ്ച് ഓഫീസിൽ ബീറ്റ് ഫോറസ്റ്ററായി 24.07.15 ന് ജോലിയിൽ പ്രവേശിച്ച ജോർജ്ജ് എന്നിവരിൽ നിന്നും ഒന്നാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. |
| 10 | നൂൽപ്പുഴ വാണിജ്യനികുതി ചെക്ക് പോസ്റ്റിൽ ഇൻസ്പെക്ടറായി ജോലി ചെയ്ത ഷാജി ആർ എന്നവരിൽ നിന്നും മുൻമ്പ് സൈനിക സേവനം നടത്തിയത് കാരണം ഒന്നാം അർദ്ധവർഷം തൊഴിൽനികുതി അടവാക്കിയില്ല.വിശദീകരണം നല്കേണ്ടതാണ്. |

2 ) വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ജോലിചെയ്യുന്നതായി കാണിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാ. താഴെപ്പറയുന്ന

| വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റിലെ ക്രമനം | സ്ഥാപനത്തിന്റെ ഉടമസ്ഥന്റെ പേര് | വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 10(304/11) | ഹംസ പുത്തൻചിറ(ഹോട്ടൽ) | 3 |
| 6(16/2) | മറിയം മാത്യൂസ്,കണിയാപുരം,കിടങ്ങനാട്( അമൃതം ന്യൂട്രിമിക്സ് യൂണിറ്റ്) | 5 |
| 44 | അബ്ദുൾസലാം കെ.ടി ,കൈതാങ്ങി(ടി.കെ ഗ്രൂപ്പ് ഓഫ് കമ്പനി ഹെയർ ബെറ്റ് ഹെർബൽ ഓയിൽ) | 3 |
| 126 | പ്രമീള ഗോപിനാഥ്-ജീവൻ ധാര,ന്യൂട്രിമിക്സ് യൂണിറ്റ് | 5 |
| 4(233-എ,ബി/12) | ഭാരതി സുരേന്ദ്രൻനാടിക്കുന്നേൽ-അമൃതം ന്യൂട്രിമിക്സ്,നെൻമേനിക്കുന്ന് | 4 |
| 18(603/13) | ബിന്ദു കെ.ജി, ഐശ്വര്യ പുത്തൻകുന്ന്-ഹോളോ ബ്രിക്സ് ഇൻഡസ്ട്രിയൽ | 5 |
| 19(605/13) | ഷമീർ കെ.ടി,ഹോളോബ്രിക്സ് ഇൻഡസ്ട്രിയൽ | 3 |

3) 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി )ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ഡിമാന്റ് പുരോഗതി വിലയിരുത്തുന്നതിനായി പഞ്ചായത്തും തൊഴിലുടമയും സൂക്ഷിക്കുന്ന V ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്റർ, VI ാം നം ഫോറത്തിൽ നോട്ടീസ് നൽകി റിട്ടേൺ സ്വീകരിച്ചതിന്റെ രേഖ എന്നിവ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തൊഴിലുടമ സൂക്ഷിക്കുന്ന രജിസ്റ്ററിന്റെ കൃത്യത ഓരോ അർദ്ധ വർഷാവസാനവും സെക്രട്ടറി ഉറപ്പുവരുത്തുന്നുണ്ടോയെന്ന് അറിയിക്കേണ്ടതുമാണ്.

4) 1996 ലെ കേ.പ.രാജ് ആക്ട് സെക്ഷൻ 205(ബി) പ്രകാരം തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലേയ്ക്കായി

2015-16 വർഷത്തിൽ കെട്ടിട നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്നനിലയിൽ നികുതി നിർണ്ണയിച്ച 14 കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടുണ്ടോ ?. ആയതിന് എത്ര ആളുകൾ മറുപടി നല്കിയിട്ടുണ്ട്.

മറുപടിയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കപ്പെട്ട സ്ഥാപനങ്ങളുടെ

/ആളുകളുടെ എണ്ണമെത്ര?

നിലവിൽ പഞ്ചായത്തിൽ ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന 1158 കെട്ടിടങ്ങളിൽ(13/12/16 ലെ കണ്ണക്ക് പ്രകാരം) അവ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നല്കിയിട്ടുണ്ടോ ?.

ആയതിന് എത്ര ആളുകൾ മറുപടി നല്കിയിട്ടുണ്ട്.മറുപടിയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കപ്പെട്ട സ്ഥാപനങ്ങളുടെ /ആളുകളുടെ എണ്ണമെത്ര?

2015-16 ലേക്ക് D&O ലൈസൻസ് എടുത്ത 176 സ്ഥാപനങ്ങളിൽ 1996 ലെ കേ.പ.രാജ് ആക്ട് സെക്ഷനുകൾ 205(ബി) മുതൽ 205 (എഫ്) പ്രകാരവും 1996 കേ.പ.രാ തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 10, 13 എന്നിവ പ്രകാരം നോട്ടീസ് നല്കിയ സ്ഥാപനങ്ങളുടെ എണ്ണമെത്ര?

ഇതേ ചട്ടപ്രകാരം റിട്ടേൺ സമർപ്പിച്ച സ്ഥാപനങ്ങളുടെ എണ്ണമെത്ര ? സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെ എണ്ണമെത്ര ?

ഇവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ഓഡിറ്റിന് നല്കാമോ?

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം . ഓഡിറ്റ് എൻക്വയറി നമ്പർ - 18 /15-16/13.12.16 ന് മറുപടിയായി സുൽത്താൻബത്തേരി സഹകരണമിൽക്ക് സപ്ളൈസൊസൈറ്റി ,ഷെഡ്യൂൾഡ് ട്രൈബ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി,ഹെഡ് ലോഡ് വർക്കേഴ്സ് ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള നൂൽപ്പുഴ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവർ , നൂൽപ്പുഴ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ,കോൺട്രാക്ടർമാർ,വക്കീലുമാർ ,അക്ഷയസെന്ററിലെ ജീവനക്കാർ, എമറാൾഡ് വെസ്റ്റേൺഘട്ട് റിസോർട്ട്,ഓർക്കിഡ് റിസോർട്ട്,ചങ്ങാതി ഗ്രീൻവില്ല റിസോർട്ട്,ജംഗിൾ ഡേയ്സ് ഫാം റിസോർട്ട് തുടങ്ങിയ നൂൽപ്പുഴ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി,നൂൽപ്പുഴ വാണിജ്യനികുതി ചെക്ക് പോസ്റ്റിൽ ഇൻസ്പെക്ടറായി ജോലി ചെയ്ത ഷാജി ആർ എന്നവരിൽ നിന്നും മുൻമ്പ് സൈനിക സേവനം നടത്തി എന്ന കാരണത്താൽ ഒഴിവാക്കിയ ഒന്നാം അർദ്ധവർഷം തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരവും ഡി& ഒ ലൈസൻസ് അപേക്ഷപ്രകാരവും ജോലിചെയ്യുന്നതായി കാണിച്ചിട്ടുള്ള മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 18 /15-16/13.12.16 ന് മറുപടി ലഭിച്ചില്ല.1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി )ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ഡിമാന്റ് പുരോഗതി വിലയിരുത്തുന്നതിനായി പഞ്ചായത്തും തൊഴിലുടമയും സൂക്ഷിക്കുന്ന V ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്റർ , VI ാം നം ഫോറത്തിൽ നോട്ടീസ് നൽകി റിട്ടേൺ സ്വീകരിച്ചതിന്റെ രേഖ എന്നിവ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തൊഴിലുടമ സൂക്ഷിക്കുന്ന രജിസ്റ്ററിന്റെ കൃത്യത ഓരോ അർദ്ധവർഷാവസാനവും സെക്രട്ടറി ഉറപ്പുവരുത്തുന്നുണ്ടോയെന്ന് അറിയിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 18 /15-16/13.12.16 ന് മറുപടിയായി ഫീൽഡ് തല പരിശോധന നടത്തി മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടിയെടുക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 1996 ലെ കേ.പ.രാജ് ആക്ട് സെക്ഷനുകൾ 205(ബി) മുതൽ 205 (എഫ്) പ്രകാരവും 1996 കേ.പ.രാ തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 10, 13 എന്നിവ പ്രകാരം എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നല്കി തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം- വയൽ കമ്മിറ്റി തീരുമാനം -നിയമവിരുദ്ധം.

2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരംനൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ കൃഷിയോഗ്യമായ നെൽവയലുകളുടെയും തണ്ണീർതടങ്ങളുടെയും ഡാറ്റാബാങ്ക് ഉണ്ടാക്കുക,നിയമത്തിനെതിരായുള്ള നികത്തലുകൾ ജില്ലാതല ഓതറൈസ്ഡ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യുക,വെറുതെ കിടക്കുന്ന നെൽവയലുകൾ കൃഷിയോഗ്യമാക്കാൻ നടപടിയെടുക്കുക, വീട് വയ്ക്കാൻ വേറെ ഭൂമിയില്ലാത്ത ആളുകൾക്ക് സെക്ഷൻ 8(i) മുതൽ 8(iii) വരെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി (വയൽ നികത്തൽ ആവാസ വ്യവസ്ഥയെ ബാധിക്കരുത്, വീട് വയ്ക്കുന്ന ആൾക്ക് ജില്ലയിൽ വേറെ വീട് ഉണ്ടാവരുത്, ചുറ്റുപാടും ഉള്ള നെൽകൃഷിയെ ബാധിക്കരുത്) വീട് വെയ്ക്കാൻ 10 സെന്റ് ഭൂമി വരെ നികത്താനുള്ള ശുപാർശ ജില്ലാതല ഓതറൈസ്ഡ് കമ്മിറ്റിക്ക് സമർപ്പിക്കുക എന്നിവ കൃഷി ഓഫീസർ കൺവീനറായിട്ടുള്ള ലോക്കൽ ലെവൽ കമ്മിറ്റിയുടെ ചുമതലകളാണ്.

ആയതിനാൽ ഇതുസംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങളും വിശദീകരണങ്ങളും ഓഡിറ്റിന് നല്കേണ്ടതാണ് .

1)ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ചെയർമാനും കൃഷി ഓഫീസർ കൺവീനറായിട്ടുള്ള ലോക്കൽ ലെവൽ കമ്മിറ്റിയുടെ 12/08/2008 മുതലുള്ള പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് (വിവിധ കാലയളവിലെ അംഗങ്ങളുടെ പേര് വിവരം സഹിതം) എന്നിവ ഓഡിറ്റിന് നല്കേണ്ടതാണ്.

2)ഇതുവരെ അനധികൃതമായ എത്ര നികത്തലുകൾക്കെതിരെ ലോക്കൽ ലെവൽ കമ്മിറ്റി നടപടിയെടുത്തു എന്നതിന്റെ രേഖ ഓഡിറ്റിന് നല്കുക.

3 ലോക്കൽ ലെവൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ വെറുതെ കിടന്ന എത്ര ഏക്കർ നെൽവയലുകൾ കൃഷിയോഗ്യമാക്കാൻ നടപടിയെടുത്തിട്ടുണ്ട് എന്നതിന്റെ രേഖ ഓഡിറ്റിന് നല്കുക.

4) 2015 ലെ കേരള ധനകാര്യ(2ാം ആക്ട്) പ്രകാരം (01/04/2015 മുതൽ പ്രാബല്യം) (ജി.ഒ(പി) 611/15 /ആർ.ഡി തിയ്യതി 17/11/2015) 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ 3-എ എന്ന വ്യവസ്ഥ ഉൾപ്പെടുത്തി. അതുപ്രകാരം 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം (12/08/2008 മുതൽ പ്രാബല്യം) നിലവിൽ വരുന്നതിന് മുമ്പുള്ള നെൽവയലിന്റെ പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ക്രമവത്ക്കരിക്കുന്നതിനുള്ള അധികാരം ജില്ലാകളക്ടറുടേതാണ്. എന്നാൽ താഴെപ്പറയുന്ന അപേക്ഷകളിൽ മേൽ വ്യവസ്ഥക്ക് വിരുദ്ധമായി സെക്രട്ടറി, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവർ വിവിധ തിയ്യതികളിലായി മീറ്റിംഗ് നടത്തി വീട് നിർമ്മാണത്തിന് അനുമതി നല്കിയത്. (നൂൽപ്പുഴ പഞ്ചായത്തിന്റെ വയൽ കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ റവന്യൂരേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയ പേജ് നം 138 മുതൽ 145 വരെ 28 അപേക്ഷകർക്ക് കെട്ടിടനിർമ്മാണത്തിന് അനുമതി നല്കിയിട്ടുണ്ട്). എതാനും ഉദാ. താഴെകൊടുക്കുന്നു.

| ക്രമനം | അപേക്ഷകന്റെ പേര് | വയൽ കമ്മിറ്റി തീരുമാന തിയ്യതി |
|---|---|---|
| 1 | പങ്കജം,വാകേരി ,മൂലൻകാവ് | 27.02.15 |
| 2 | സൈനുൽനിസ്സാം,പെമ്മല,മുത്തങ്ങ | ,, |
| 3 | സജി & നിർമ്മല,തോട്ടാനിയിൽ,നെൻമേനിക്കുന്ന് | 12.06.15 |
| 4 | സുഭാഷ് സത്യമംഗലത്ത്,പുത്തൻകുന്ന്,നമ്പികൊല്ലി | ,, |
| 5 | ജയചന്ദ്രൻ,ചേരിമംഗലം,മൂലവയൽ,നായ്ക്കട്ടി | ,, |
| 6 | നിഷാന്ത് കെ.ആർ,കോട്ടൂർ | 11/01/16 |
| 7 | പ്യാരിഷ,കരിങ്ങാംപൊയിൽ,കല്ലൂർ | ,, |

ആയതിന് വിശദീകരണം നലകേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 29 /15-16/16.12.16 ന് മറുപടി നല്കിയില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി നെൽവയൽ നികത്തി വീട് വയ്ക്കാൻ നല്കിയ പെർമ്മിറ്റുകൾ റദ്ദാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലോക്കൽ ലെവൽ കമ്മിറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനം സംബന്ധിച്ച രേഖയും ഓഡിറ്റിന് നല്കേണ്ടതാണ്.

## 2-5 ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാത്തതു സംബന്ധിച്ച് -

1) സ്വകാര്യടവ്വറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ളത് സംബന്ധിച്ച് -

സ്വകാര്യടവ്വറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. ഏതാനും ഉദാ.താഴെപ്പറയുന്ന

| ക്രമ നമ്പർ | കെട്ടിടനമ്പർ | ഈടാക്കേണ്ട നികുതി(സഞ്ചയ പ്രകാരം |
|---|---|---|
| 1 | 12/454-എ | 16949 |
| 2 | 6/406 | 14174 |

കെ.പി.ആർ വകുപ്പ് 243 പ്രകാരം പഞ്ചായത്തിനു കിട്ടാനുള്ള ഏതെങ്കിലും നികുതിക്കോ മറ്റു സംഖ്യക്കോ യാതൊരു ജപ്തിയും, യാതൊരു വ്യവഹാരവും, യാതൊരു പ്രോസിക്യൂഷൻ നടപടിയും ആ നികുതിയേയോ, ആ സംഖ്യയേയോ സംബന്ധിച്ചിടത്തോളം, അതതു സംഗതിപോലെ, ജപ്തി ആദ്യമേ നടത്തുകയോ, വ്യവഹാരം ആദ്യമേ കൊടുക്കുകയോ പ്രോസിക്യൂഷൻ നടപടി ആദ്യമേ തുടങ്ങുകയോ ചെയ്യാമായിരുന്ന തിയ്യതി മുതൽ 3 വർഷം കഴിഞ്ഞതിനുശേഷം നടത്തുകയോ, കൊടുക്കയോ, തുടങ്ങുകയോ ചെയ്യാൻ പാടില്ലാത്തതാണ്. കെ.പി.ആർ (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ ഉപചട്ടം 14,15,16 പ്രകാരം വസ്തു നികുതി ഈടാക്കാൻ നടപടിയെടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) 'ബി.എസ്.എൻഎൽ ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാത്തതു സംബന്ധിച്ച് -

19.09.2012 ലെ സർക്കാർ ഉത്തരവ് ജി.ഒ(ആർ.ടി)2640/2012 പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവ്വറുകൾക്ക് വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതുവരെ പ്രവർത്തന ക്ഷമമായ 'ബി.എസ്.എൻഎൽ ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളുടെ വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ബി.എസ്.എൻഎൽ ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളുടെ താഴെപ്പറയുന്ന വിശദാംശങ്ങളും ഫയലുകളും നാളിതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

വസ്തുനികുതിനികുതി കുടിശ്ശികയുള്ള എല്ലാസ്വകാര്യടവ്വറുകളിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 21/15-16 ഖണ്ഡിക (2) ന് മറുപടിയായി നൂൽപ്പുഴ പഞ്ചായത്തിലെ പ്രവർത്തനക്ഷമമായ ബി.എസ്.എൻ.എൽ ടവ്വറുകൾ ഏതൊക്കെ വാർഡുകളിലാണെന്ന് പരിശോധിച്ച് നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-6** <u>ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകൾക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായി കെട്ടിട പെർമ്മിറ്റ്- നല്കി</u>

| ക്രമനം | അപേക്ഷന്റെ പേര് | തപാൽ നം | റീസർവ്വേനം-പെർമ്മിറ്റ് നം/വിസ്തീർണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | റിലയൻസ് ജിയോ ഇൻഫോകോം | 9263/2016-29 /03/16 | 49/3-ബി.എ-3/16-17 /4.375 m2 |
| 2 | ,, | 9265/16-29 /03/16 | 387/6-ബി.എ-4/16-17 /4.375 m2 |

മേൽ സൂചിപ്പിച്ച ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളുടെ പെർമ്മിറ്റ് ഫയൽ പരിശോധിച്ചതിൽ കേരളസർക്കാറിന്റെ 15.03.2014 ലെ ജി.ഒ (എം.എസ്) 14/2014/ഐ.ടി.ഡി ഉത്തരവ് പ്രകാരം ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് ക്ലിയറൻസ് ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയതായി കാണുന്നില്ല.

1)ടെലികോംവകുപ്പിൽ നിന്നുള്ള എസ്.എ.സി.എഫ്.എ ക്ലിയറൻസ്

2) ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇൻഡ്യയുടെ ടൈപ്പ് സർട്ടിഫിക്കറ്റ്.

3) ടെലികോം സർവ്വീസ് പ്രോവൈഡറുടെ സെൽഫ് സർട്ടിഫിക്കറ്റിനുള്ള ടെലികോംവകുപ്പിന്റെ കൈപ്പറ്റ് രസീത് .

മേൽ സർട്ടിഫിക്കറ്റുകളില്ലാതെ പെർമ്മിറ്റ് നല്കിയതിന് വിശദീകരണം നല്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ - 25 /15-16/15.12.16 ന് മറുപടി ലഭിച്ചില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 2-7 <u>വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.</u>

2015-16 വർഷത്തെ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വസ്തുനികുതി പിരിവ് പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദീകരണം നല്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ -30 /15-16/16.12.16 ന് മറുപടി ലഭിച്ചില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 2-8 <u>റിസോർട്ടുകളിൽ നിന്നും കുറവ് വസ്തു നികുതി ഈടാക്കി</u>

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ വിജ്ഞാപനപ്രകാരം റിസോർട്ടുകളിൽ നിന്ന് ചതുരശ്ര മീറ്ററിന് 90/- രൂപയാണ് വസ്തുനികുതി ഈടാക്കേണ്ടതെങ്കിലും അവയെ ലോഡ്ജ് ആയി കണക്കാക്കി 30/- രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കിയതിന് വിശദീകരണം നല്കേണ്ടതാണ്.

| ക്രമനം | ഉടമസ്ഥന്റെ പേര്/സ്ഥാപനത്തിന്റെ പേര് | കെട്ടിടനമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | ദീപുസെബാസ്റ്റ്യൻ/ഐസൺ. കെ.ജോസ്/ഓർക്കിഡ് റിസോർട്ട്,മുക്കുത്തികുന്ന്,ബത്തേരി | 12/190 മുതൽ 199 വരെയുള്ളവ | ഡി & ഒ ലൈസൻസിനുള്ള അപേക്ഷ, മലിനീകരണനിയന്ത്രണബോർഡിന്റെ പിസിബി/ഡബ്യൂഡിയഐസിഒ /എഫ്/217/15 നമ്പർ സമ്മതപത്രം, എച്ച്ഐയുടെസാനിറ്റേഷൻ സർട്ടിഫിക്കറ്റ് ,കെട്ടിടത്തിന്റെ പ്ലാൻ എന്നിവ പ്രകാരം 12 റൂമുകൾ റിസോർട്ടായാണ് |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നതെങ്കിലും സഞ്ചയ പ്രകാരം റൂംനം-191 പാർപ്പിടം,190,192, 194,197,198, 199 എന്നീ മുറികൾ ലോഡ്ജ് ആയിട്ടാണ് ഉപയോഗക്രമം കാണിച്ചിട്ടുള്ളതും വസ്തുനികുതി കണക്കാക്കിയിട്ടുള്ളതും. |
| 2 | വിപി അബ്ദുൾ റസാക്ക്/ ജംഗിൾഡേയ്സ് ഫാം റിസോർട്ട്, മുക്കത്തികുന്ന് | 12/116-എ | എച്ച്ഐയുടെഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം സ്ഥാപനം റിസോർട്ടായിട്ടാണ് പ്രവർത്തിക്കുന്നതെങ്കിലും സഞ്ചയ പ്രകാരം ലോഡ്ജ് ആയിട്ടാണ് ഉപയോഗക്രമം കാണിച്ചിട്ടുള്ളതും വസ്തുനികുതി കണക്കാക്കിയിട്ടുള്ളതും |
| 3 | വിപിൻകുമാർ,മൂക്കത്തികുന്ന്/ചങ്ങാതി ഗ്രീൻവില്ല റിസോർട്ട് മൂക്കത്തികുന്ന് | 12/133 | എച്ച്ഐയുടെസാനിറ്റേഷൻ സർട്ടിഫിക്കറ്റ് ,സുൽത്താൻബത്തേരി എസ്.ഐയുടെ ക്ളിയറൻസ് സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം സ്ഥാപനം റിസോർട്ടായിട്ടാണ് പ്രവർത്തിക്കുന്നതെങ്കിലും സഞ്ചയ പ്രകാരം ലോഡ്ജ് ആയിട്ടാണ് ഉപയോഗക്രമം കാണിച്ചിട്ടുള്ളതും വസ്തുനികുതി കണക്കാക്കിയിട്ടുള്ളതും |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - /15-16/13.12.16 ന് മറുപടിയായി മേൽ റിസോർട്ടുകളിൽ ലോഡ്ജായി വസ്തുനികുതി കണ്ണക്കാക്കിയിട്ടുള്ള കെട്ടിടങ്ങളുടെ (12/190, 191, 192, 194, 197, 198, 199, 12/116 – എ, 12/133 നമ്പർ കെട്ടിടങ്ങൾ) വസ്തു നികുതി നിർണ്ണയത്തിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിച്ച് പുതിയതായി നികുതി നിർണ്ണയിച്ച് കക്ഷികൾക്ക് ഡിമാന്റ് നോട്ടീസ് നല്കി തുക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ.സിഡി.സ് സൂപ്പർവൈസർ അങ്കണവാടി പോഷകാഹാര പരിപാടി-സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് -

ഐ.സി.ഡി.സ് സൂപ്പർവൈസർ നിർവ്വഹണോദ്യഗസ്ഥനായ അങ്കണവാടി പോഷകാഹാര പരിപാടിയിൽ അങ്കണവാടികളിലേക്ക് വിതരണം ചെയ്യുന്നതിന് പയർ, ശർക്കര തുടങ്ങിയ പലവ്യഞ്ജനങ്ങൾ വാങ്ങിയിരിക്കുന്നത് ഐശ്വര്യ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നുമാണ്. ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം തയ്യാറാക്കി നല്കുന്ന ഈ കുടുംബശ്രീ യൂണിറ്റിൽ നേരിട്ട് പരിശോധന നടത്തിയതിൽ നിന്നും, പലവ്യഞ്ജനങ്ങൾ ബത്തേരിയിൽ പൊതുമാർക്കറ്റിൽ നിന്നും

മൊത്ത വിലയ്ക്ക് വാങ്ങിയാണ് ഇവർ അങ്കണവാടികളിലേക്ക് വിതരണം ചെയ്യുന്നത് എന്ന് അറിയാൻ കഴിഞ്ഞു.

സർക്കുലർ നം.62393/ഡി.ബി 2/2010/തസ്വഭവ തിയ്യതി 13/11/2010 പ്രകാരം അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കളും ഭക്ഷ്യ ഉത്പ്പന്നങ്ങളും മാവേലി സ്റ്റോർ, നീതി സ്റ്റോർ, സഹകരണ സംഘങ്ങൾ, പൊതുവിതരണകേന്ദ്രങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നോ മാവേലി സ്റ്റോറുകളുടെ വിലയിൽ അധികരിക്കാതെ വാങ്ങാമെന്ന് പറയുന്നു. സാധനങ്ങൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമനം | ഇൻവോയ്സ് നം | തുക | ട്രഷറി ബിൽ നം |
|---|---|---|---|
| 1 | 56/15-02-16 | 667454 | 8/15-16-തുക -1002399/-തിയ്യതി-14/03/2016 |
| 2 | 118/30/11/15 | 234236/- | 7/15-16-തുക 702996/-30/01/16 |
| 3 | 119/30/11/15 | 120713 | 6/15-16-തുക-343124/-30/01/2016 |
| 4 | 117/30/11/15 | 81472/- | ,, |
| 5 | 105/17/09/15 | 189323/- | 4/15-16-തുക 671993/-25/11/15 |
| 6 | 104/17/09/15 | 125140/- | 3/15-16-തുക-306895/-25/11/15 |
| 7 | 107/17/09/15 | 72404/- | ,, |
| 8 | 241/04/06/15 | 117350/- | 01/15-16-തുക-294008/-10/08/15 |
| 9 | 239/04/06/15 | 54874/- | ” |
| 10 | 243/04/06/15 | 232870/- | 02/15-16-തുക-762398/-10/08/15 |
| 11 | 95/04/06/15 | 147267/- | ,, |
| 12 | 58/26/03/16 | 198886/- | 10/15-16-തുക-362613/-26/03/16 |
| 13 | 5/23/03/16 | 53574/- | 11/15-16-തുക-53574/-26/03/16 |

2015-16 സാമ്പത്തിക വർഷത്തെ മാവേലി സ്റ്റോറിലെ വിലയും ഐശ്വര്യ ന്യൂട്രിമിക്സ് യൂണിറ്റിലെ ഏതാനം സാധനങ്ങളുടെ വിലയും താഴെപ്പറയും പ്രകാരമാണ് .

| ക്രമനം | ഇനം | മാവേലി സ്റ്റോറിലെ വില(കി.ഗ്രാം) | ഐശ്വര്യ ന്യൂട്രിമിക്സ് യൂണിറ്റിലെ വില (കി.ഗ്രാം) |
|---|---|---|---|
| 1 | ചെറുപയർ | 86 | 105 |
| 2 | നിലക്കടല | 99 | 107 |
| 3 | ശർക്കര | 39 | 50 |
| 4 | കടല | 64 | 90 |
| 5 | അവൽ | 45 | 54 |
| 6 | ഉഴുന്ന് | 109 | 171 |

മാവേലി സ്റ്റോറിൽ താണവിലയ്ക്ക് സാധനം ലഭ്യമാണെന്നിരിക്കെ, വലിയ തുക നല്കി കുടുംബശ്രീ യൂണിറ്റിൽ നിന്നും സാധനങ്ങൾ വാങ്ങിയത് ന്യായീകരിക്കാവുന്നതല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 31 /15-16/17.12.16 ന് മറുപടി നൽകിയിട്ടില്ല. അധികവില നൽകിയതു മൂലമുണ്ടായ നഷ്ടം കണക്കാക്കി തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ-

1) പ്രോജക്റ്റ്നം - 200/15-16

പദ്ധതിയുടെ പേര് - നെൽകൃഷി കൂലിചെലവ് സബ്സിഡി

അടങ്കൽ - 63760,000/-

വികസന ഫണ്ട് ജനറൽ - 1300000/-

ജില്ലാപഞ്ചായത്ത് വിഹിതം - 1687500/-

ബ്ളോക്ക് വിഹിതം - 1012500/-

സ്വയം വഹിക്കുന്നത് - 59760,000/-

ചെലവ്-വികസനഫണ്ട് - 1300000(ബിൽനം-4/15-16 തിയ്യതി 30/1/2016)

ബ്ലോക്ക് വിഹിതം - 607347/-

ജില്ലാ പഞ്ചായത്ത് - 1379390/-

കാർഷിക മേഖലയ്ക്ക് അർഹിച്ച പ്രാധാന്യം നല്കിയില്ല.

മേൽ പദ്ധതി പ്രകാരം സബ്സിഡി മാർഗ്ഗരേഖ പ്രകാരം നെൽകൃഷി കൂലി ചെലവ് സബ്സിഡി ഹെക്ടറിന് 6000/- രൂപയാണ് നൽകേണ്ടത്. ആയത് പ്രകാരം നൂൽപ്പുഴ പഞ്ചായത്തിൽ 1076 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തിയതിന് 64,56,000/- രൂപ വകയിരുത്തേണ്ടതാണ്. എന്നാൽ ഹെക്ടറിന് 3054/- രൂപ തോതിൽ ആകെ 3286737/- രൂപ (51 %) മാത്രമേ ഈ പദ്ധതിക്ക് ചെലവഴിച്ചുള്ളൂ.

പഞ്ചായത്ത് വിഹിതമായ (60 %) 38,73,600/- രൂപ വകയിരുത്തേണ്ടസ്ഥാനത്ത് വെറും 13,00000/- രൂപ (20 %) മാത്രമാണ് വകയിരുത്തിയത്. കാർഷികമേഖലയ്ക്ക് അർഹിച്ച പ്രാധാന്യം നല്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

ബ്ലോക്ക് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും കൃഷി ഓഫീസർക്ക് നേരിട്ട് ലഭിച്ച

ബ്ലോക്ക് വിഹിതമായി 607347/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 1379390/- രൂപയും കൃഷി ഓഫീസർക്ക് പദ്ധതിക്ക് വേണ്ടി ലഭിച്ചുവെങ്കിലും പഞ്ചായത്തിന്റെ ചെലവിൽ വന്നിട്ടില്ല. പദ്ധതി അടങ്കലിൽ ബ്ലോക്ക് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും ഉൾക്കൊള്ളിക്കുകയും വിഹിതം കൃഷി ഓഫീസർക്ക് ലഭിച്ചിട്ടും പദ്ധതി ചെലവിൽ ആ തുക ഉൾക്കൊള്ളിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

ഗുണഭോക്തൃതിരഞ്ഞെടുപ്പ് സംബന്ധിച്ച്.

02/10/1997 ലെ ജി.ഒ(പി) 220/97/എൽ.എ.ഡി, ജി. ഒ(പി) 181/98 തസ്വഭവ 02.09.1998 , ജി.ഒ(എം.എസ്) 362/2013 തസ്വഭവ തിയ്യതി 16/11/2013 അനുബന്ധം 16(7.18)എന്നീ ഉത്തരവുകൾ പ്രകാരം എല്ലാ പദ്ധതികൾക്കും അപേക്ഷ ഫോറങ്ങൾ അർഹതയും മുൻഗണന ക്രമവും സംബന്ധിച്ച മാനദണ്ഡങ്ങളും ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്കുള്ള പ്രോഫോർമ ഫോറവും അനുബന്ധമായി ചേർത്ത് ഗ്രാമസഭയ്ക്ക് മുമ്പ് നിശ്ചിത കാലയളവിലും ഗ്രാമസഭ സമ്മേളിക്കുമ്പോഴും വിതരണം ചെയ്യേണ്ടതാണ്. ലഭ്യമായ അപേക്ഷകളിൽ ഓരോ വാർഡിലെയും മുൻഗണനാക്രമലിസ്റ്റ് ഗ്രാമസഭ തയ്യാറാക്കുകയും വസ്തുതകളുടെ പരിശോധന പൂർത്തിയാക്കിയശേഷം, മുൻഗണനാക്രമത്തിന്റെ വ്യക്തമായ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തിനു മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഇതു ഗ്രാമ പഞ്ചായത്ത് യോഗത്തിലാണ് ഉണ്ടാകേണ്ടത്.

ഭരണസമിതിയുടെ 07/09/15 ലെ 116/15 നമ്പർ തീരുമാനപ്രകാരം 2123 പേർക്കാണ് ഈ പദ്ധതിയിൽ ആനുകൂല്യം നല്കാൻ തീരുമാനമെടുത്തത്. 07/2015 ൽ നടന്ന വിവിധ ഗ്രാമസഭകളിലാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുള്ളത് .എന്നാൽ ഇതു സംബന്ധിച്ച് 11,16 എന്നീ വാർഡുകളിലെ അപേക്ഷകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. 8,16 വാർഡുകളിൽ ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതായി കാണുന്നില്ല. പരിശോധയ്ക്ക് ലഭിച്ച അപേക്ഷകളിൽ കൃഷി നടത്തിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മറ്റു വാർഡുകളിൽ നിന്ന് ലഭിച്ച അപേക്ഷകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഭരണസമിതി 2123 പേർക്കാണ് ഈ പദ്ധതിയിൽ ആനുകൂല്യം നല്കാൻ തീരുമാനമെടുത്തതെങ്കിലും കൃഷിഓഫീസർ 2296 പേർക്കാണ് ആനുകൂല്യം നല്കി.മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തു സംബന്ധിച്ച്

മേൽ സൂചന ബില്ല് പ്രകാരം ട്രഷറിയിൽ നിന്ന് മാറിയ പണം കൃഷിഓഫീസറുടെ എസ്.ബി.ടി ബത്തേരി 57068379633 നമ്പർ അക്കൗണ്ടിലേക്ക് മാറ്റി അവിടെ നിന്ന് കേരളഗ്രാമീൺബാങ്ക്, ബത്തേരി സർവ്വീസ് സഹകരണബാങ്ക് എന്നിവയ്ക്ക് 08/02/2016 ന് ചെക്ക് നല്കി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പണം നല്കുകയാണ് ചെയ്തിട്ടുള്ളത്. ജി.ഒ(പി)177/06/ഫിൻ തിയ്യതി 12/4/06 ഖണ്ഡിക 8.2 ,8.3 പ്രകാരം ബാങ്കിംഗ് ട്രഷറികളുടെ കാര്യത്തിൽ 1000/- രൂപയിൽ കൂടുതലുള്ള പണം നൽകലുകൾ ഡി.ഡി മുഖാന്തിരമേ നല്കാവൂ. മേൽ വ്യതിയാനത്തിന് വിശദീകരണം നല്കേണ്ടതാണ്.

ഭരണസമിതി വാർഡ്തലത്തിലാണ് ഗുണഭോക്തൃലിസ്റ്റ് ഉണ്ടാക്കിയതെങ്കിലും കൃഷിഓഫീസർ ഗുണഭോക്താക്കളുടെ വിവിധ ബാങ്ക് അക്കൗണ്ടിന്റെ അടിസ്ഥാനത്തിലാണ് പണം വിതരണം നടത്തിയിന്റെ പത്രിക ഓഡിറ്റിന് ഹാജരാക്കിയത്. ആയതിനാൽ അർഹതപ്പെട്ട എല്ലാവർക്കും

ആനുകൂല്യം നല്കിയോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഏതാനും അപേക്ഷകൾ റാൻഡമായി പരിശോധച്ചതിൽ ഭരണസമിതി നല്കിയ ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് തന്നെ ആനുകൂല്യം നല്കിയതായി കാണാൻ കഴിഞ്ഞു.

2) പ്രോജക്ട്നം - 213/15-16

പദ്ധതിയുടെ പേര് - വേരു പിടിപ്പിച്ച കുരുമുളക് തൈ വിതരണം

അടങ്കൽ - 1912500/-

ചെലവ് - വികസന ഫണ്ട് ജനറൽ-1262250/-(ബിൽ നം-03/15-16 750,000/- തിയ്യതി 11/09/2015

ബിൽനം - 06/15-16 -5,12,250/-തിയ്യതി-28.03.2016)

ഗുണഭോക്തൃവിഹിതം - 420750/-

ആകെ - 16,83,000/-

സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

ജി.ഒ (എം.എസ്) 362/2013 തസ്വഭവ തിയ്യതി 16/11/2013 അനുബന്ധം 16 (3-1) പ്രകാരം വേരുപിടിപ്പിച്ച കുരുമുളക് തൈ വിതരണം അനുവദനീയമല്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച്.

02/10/1997 ലെ ജി.ഒ (പി) 220/97/എൽ.എ.ഡി,ജി.ഒ(പി) 181/98 തസ്വഭവ 02.09.1998 , ജി.ഒ (എം.എസ്) 362/2013 തസ്വഭവ തിയ്യതി 16/11/2013 അനുബന്ധം 16എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ എല്ലാ രേഖകളും (അപേക്ഷാഫോറങ്ങൾ,പരിശോധന റിപ്പോർട്ട് ) ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 07/2015 ൽ നടന്ന വിവിധ ഗ്രാമസഭകളിലാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച് 11,16 എന്നീ വാർഡുകളിലെ അപേക്ഷകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. 8, 16 വാർഡുകളിൽ ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതായി കാണുന്നില്ല. ഭരണസമിതി 1510 പേർക്കാണ് ഈ പദ്ധതിയിൽ ആനുകൂല്യം നല്കാൻ തീരുമാനമെടുത്തതെങ്കിലും കൃഷിഓഫീസർ 617 പേർക്ക് മാത്രം ആനുകൂല്യം നല്കിയതിന് വിശദീകരണം നല്കേണ്ടതാണ്.

ഭരണസമിതി വാർഡ്തലത്തിലാണ് ഗുണഭോക്തൃലിസ്റ്റ് ഉണ്ടാക്കിയതെങ്കിലും കൃഷിഓഫീസർ ഗുണഭോക്താക്കൾ ഉൾപ്പെടുന്ന വിവിധ കുരുമുളക് കർഷക സമിതികളുടെ അടിസ്ഥാനത്തിലാണ് കുരുമുളക് തൈ വിതരണം നടത്തിയിന്റെ പത്രിക ഓഡിറ്റിന് ഹാജരാക്കിയത്. ആയതിനാൽ അർഹതപ്പെട്ട എല്ലാവർക്കും ആനുകൂല്യം നല്കിയോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഏതാനും അപേക്ഷകൾ റാൻഡമായി പരിശോധച്ചതിൽ ഭരണസമിതി നല്കിയ ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് തന്നെ ആനുകൂല്യം നല്കിയതായി കാണാൻ കഴിഞ്ഞു.

പദ്ധതിക്ക് പണം യഥാസമയം ചെലവഴിച്ചില്ല.

ബിൽ നം-03/15-16 തിയ്യതി 11/09/2015 പ്രകാരം മാറിയ 750,000/- രൂപയും ഗുണഭോക്തൃ വിഹിതമായി 26/08/2015 ന് പിരിച്ച 250000/- രൂപയും ആർ.എ.ആർ.എസ് അമ്പലവയലിന് നല്കിയത് 29/11/15 (രസീത് നം.39/60431) ന് മാത്രമാണ്. അതുപോലെ ബിൽനം-06/15-16, തിയ്യതി – 28.03.2016 പ്രകാരം മാറിയ – 5,12,250/- രൂപയും ഗുണഭോക്തൃവിഹിതമായി 23/03/16 ന് പിരിച്ച

170750/- രൂപയും ആർ.എ.ആർ.എസ് അമ്പലവയലിന് നല്കിയത് 25/06/16 (രസീത് നം.78/61812) ന് മാത്രമാണ്. ജി.ഒ(പി)177/06/ഫിൻ തിയ്യതി 12/4/06 ഖണ്ഡിക 8.2, 8.3 പ്രകാരം ബാങ്കിംഗ് ട്രഷറികളുടെ കാര്യത്തിൽ 1000/- രൂപയിൽ കൂടുതലുള്ള പണം നൽകലുകൾ ഡി.ഡി മുഖാന്തിരമേ നല്കാവൂ. കൂടാതെ 30 ദിവസത്തിനു ശേഷവും വിതരണം ചെയ്യാത്ത ഡി.ഡി കൾ ട്രഷറിയിൽ തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി പണം യഥാസമയം ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം നല്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 12 /15-16/13.12.16 ന് മറുപടിയായി കാർഷിക മേഖലയ്ക്ക് ഇനിയുള്ള വർഷങ്ങളിൽ അർഹിച്ച പ്രാധാന്യം നല്കുമെന്ന് ഭരണസമിതി എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചിട്ടുണ്ട്.അന്യം നിന്നുപോകുന്ന നെൽകൃഷിയെ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയും അതുവഴി ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും ജലസംരക്ഷണത്തിനും വേണ്ടിയാണ് കൃഷിഭവനിൽ അപേക്ഷ സമർപ്പിച്ച മുഴുവൻ ആളുകൾക്കും ആനുകൂല്യം നല്കിയതെന്ന് കൃഷിഓഫീസർ മറുപടി നല്കിയിട്ടുണ്ട്. 02/10/1997 ലെ ജി.ഒ(പി) 220/97 /എൽ.എ.ഡി,ജി.ഒ(പി) 181/98 തസ്വഭവ 02.09.1998, ജി.ഒ(എം.എസ്) 362/2013 തസ്വഭവ തിയ്യതി 16/11/2013 അനുബന്ധം 16 എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിന്റെ വ്യക്തമായ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തിനു മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കി ഗുണഭോക്താക്കളെ തിരഞ്ഞെടുത്താണ് ആനുകൂല്യം നല്കേണ്ടത്. കൃഷി ഓഫീസ് വഴി അപേക്ഷ സ്വീകരിച്ച് ആനുകൂല്യം നല്കുന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ ഈക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വേരുപിടിപിച്ച കുരുമുളക് തൈവിതരണം നടത്തിയതു സംബന്ധിച്ച് മേലിൽ സർക്കാർ ഉത്തരവുകൾ സൂക്ഷമമായി പരിശോധച്ച് മാത്രമേ മേലിൽ പദ്ധതികൾ നടപ്പിലാക്കു എന്ന് കൃഷിഓഫീസർ അറിയിച്ചിട്ടുണ്ട്. വേരുപിടിപിടിപ്പിച്ച കുരുമുളക് തൈവിതരണം നടത്തിയതു സംബന്ധിച്ച സ്ഥലപരിശോധന നടത്തി. തോട്ടാമൂല കുരുമുളക് കർഷക സമിതിയുടെ കീഴിലുള്ള ശ്രീ മതവൻ കെ.കെ എന്നവർക്ക് 1500 എണ്ണം വേരുപിടിപിടിപ്പിച്ച കുരുമുളക് തൈവിതരണം നടത്തിയതായി രേഖയുണ്ട് .അദ്ദേഹത്തിന്റെ സ്ഥലം പരിശോധന നടത്തിയതിൽ കൃഷിസ്ഥലം കാടുപിടിച്ചുകിടക്കുന്നതായി കണ്ടു. അദ്ദേഹത്തിന് നല്കിയ 1500 തൈകളിൽ 500 എണ്ണം മാത്രമേ അവിടെ നട്ടുള്ളുവെന്നും ബാക്കി 1000 എണ്ണം അദ്ദേഹത്തിന്റെ മകന്റെ വടുവഞ്ചാലിലെ തോട്ടത്തിലാണ് നട്ടതെന്നും ഓഡിറ്റിനെ അറിയിച്ചു. ഗുണഭോക്താക്കൾക്ക് നല്കുന്ന തൈകൾ അവർ യഥാർത്ഥത്തിൽ നട്ടതായി നിർവ്വഹണഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതും യഥാർത്ഥത്തിൽ കൃഷി നടത്തുന്നവർക്കുമാത്രം ആനുകൂല്യങ്ങൾ നല്കേണ്ടതുമാണ്.

## 3-3 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ

1) പ്രോജക്ട്നം. - 272/15-16

പദ്ധതിയുടെ പേര് - എസ്.ടി വീട് ബഹുവർഷം

അടങ്കൽ - 1625000/-

വികസന ഫണ്ട് ടി.എസ്.പി - 16,25,000/-

ചെലവ്-വികസനഫണ്ട് - ടി.എസ്.പി-10,12,500/-

ബിൽനം - 01/15-16 – 325000/- രൂപ തിയ്യതി 11/09/15

-02/15-16 - 250,000/- രൂപ തിയ്യതി 15.10.15

-04/1-16 - 312500 /- രൂപ തിയ്യതി 23/12/15

-05/15-16 - 1,25,000/- രൂപ തിയ്യതി 31/03/16

യഥാസമയം വീട് പണി പൂർത്തീകരിച്ചില്ല.

എസ്.ടി ഭവന നിർമ്മാണപദ്ധതി 2012-13 ക്ക് വേണ്ടി ഭരണസമിതിയുടെ 35/13 തിയ്യതി 04.03.2013 നമ്പർ തീരുമാനപ്രകാരം 63 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. അതിൽ 47 ആളുകൾക്ക് പണം നല്കിയതിൽ 42 പേർ വീട് പണി പൂർത്തീകരിച്ചതായി ഭവന രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. വിവിധ ഘട്ടങ്ങളിലായി പണം കൈപ്പറ്റിയ 5 പേർ പണി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | വസന്ത ചന്ദ്രൻ,വെള്ളക്കെട്ട് | 187500/- ഒന്നാം ഗഡു കൈപ്പറ്റിയത് 09/04/13ന്. മൂന്നാം ഗഡു കൈപ്പറ്റിയത്-07/04/14 |
| 2 | പുഷ്പ രാജൻ,കരിപ്പൂര് | 37500/-09/04/13 ന് |
| 3 | ശാന്ത കരിപ്പൂര് | 112,500/- ഒന്നാം ഗഡു കൈപ്പറ്റിയത് 09/04/13ന്. രണ്ടാം ഗഡു കൈപ്പറ്റിയത്-23/01/2015 |
| 4 | ബിജു പുഷ്പ,കരിപ്പൂര് | 187500/-ഒന്നാം ഗഡു കൈപ്പറ്റിയത് 09/04/13ന്. മൂന്നാം ഗഡു കൈപ്പറ്റിയത് – 22/12/14 ന് |
| 5 | രാധ അപ്പു, ആനക്കല്ല് | 37500/- ഒന്നാം ഗഡു കൈപ്പറ്റിയത് 17/03/13 ന് |

ആയതിന് വിശദീകരണം നൽകേണ്ടതാണ്.

ഭരണസമിതി അംഗീകരിച്ച ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നല്കിയില്ല.

ഭരണസമിതി അംഗീകരിച്ച ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നല്കാതെ ഒഴിവാക്കിയതിന് വിശദീകരണം നല്കേണ്ടതാണ്.

ട്രഷറിയിൽ നിന്നു മാറിയ പണം യഥാസമയം ഗുണഭോക്താക്കൾക്ക് നല്കാതെ തിരിച്ചടച്ചു.

ഈ പദ്ധതിയുടെ ഭാഗമായി 2013 ലും 2014 ലും പിൻവലിച്ച 165000/- രൂപയുടെ 6 ഡിഡികൾ 28/03/16 ന് 526ാം നമ്പർ ചെലാൻ പ്രകാരം സുൽത്താൻബത്തേരി സബ്ട്രഷറിയിൽ തിരിച്ചടച്ചതായി ചെക്ക് ഇഷ്യു രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടു. ആയത് ആരുടെ പേരിലെടുത്തു എതൊക്കെ ഡി.ഡികളാണെന്നും യഥാസമയം ഗുണഭോക്താക്കൾക്ക് നല്കാതെ തിരിച്ചടക്കാനുണ്ടായ കാരണവും വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ -27 /15-16/13.12.16 ന് മറുപടി ലഭിച്ചില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-4 ഐ.എ.വൈ ഭവന പദ്ധതികൾക്ക് പഞ്ചായത്ത് വിഹിതം നല്കി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

തൻവർഷം പഞ്ചായത്തിന്റെ പരിധിയിലെ ഐ.എ.വൈ ഭവന പദ്ധതികൾക്ക് പഞ്ചായത്ത് വിഹിതം സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന് നല്കി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദാംശം താഴെപ്പറയുന്നു.

| ക്രമനം | പദ്ധതിയുടെ പേര്/അടങ്കൽ | ബിൽ നം.തുക |
|---|---|---|
| 1 | ഐ.എ.വൈ ഭവന നിർമ്മാണം (എസ്.സി.പി)-നം-10/16-110,000/- | ബിൽനം-16/15-16-80,000/- തിയ്യതി 26/12/15 |
| 2 | ഐ.എ.വൈ ഭവന നിർമ്മാണം (പൊതുവിഭാഗം)-<br>നം-1/16-8,80,000/- | ബിൽനം-15/15-16-8,80,000/- തിയ്യതി 26/12/15 |
| 3 | ഐ.എ.വൈ ഭവന നിർമ്മാണം (ടി.എസ്.പി)-<br>നം-45/16-47,45,000/- | ബിൽനം-14/15-16-25,02,500/- തിയ്യതി 26/12/15.<br>ബിൽനം-30/15-16-22,42,500/-തിയ്യതി-25/02/16 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 26 /15-16/13.12.16 ന് നൽകിയ മറുപടിയിൽ മേൽ തുകകൾക്കുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-5 ഹോംകോയിൽ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം

പ്രോജക്ട് നമ്പർ - 18/16

പ്രോജക്ട് - ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

നിർവഹണം - മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ - 250000

2015-16 വർഷം ഹോംകോയിൽ നിന്നും ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 250000/- രൂപ ട്രഷറിയിൽ നിന്നും ഡി.ഡി നമ്പർ-731559/22.3.16 പ്രകാരം പിൻവലിച്ച് മാനേജിംഗ് ഡയറക്ടർ, ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ - 23/15-16/15.12.16 പ്രകാരം ഈ വിവരം നിർവഹണ ഉദ്യോഗസ്ഥന്റെയും പഞ്ചായത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തിയതിന്

മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ കേരളത്തിലെ എല്ലാ ഡിസ്പെൻസറികളും മരുന്നുകൾക്കുവേണ്ടി ഒരു സ്ഥാപനത്തെ ആശ്രയിക്കുന്നതിനാൽ മരുന്നുകൾ ലഭ്യമാകുവാൻ താമസം നേരിടുന്നതായി അറിയിച്ചു. ഇത് ശരിയാണെന്ന് ഓഡിറ്റിനും ബോധ്യപ്പെട്ടു. നിരവധി രോഗികൾ ആശ്രയിക്കുന്ന ഹോമിയോ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ മരുന്നുകളുടെ അഭാവം ബാധിക്കുന്നതിനാൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ച് മറ്റ് കോപ്പറേറ്റീവ് സ്ഥാപനങ്ങളിൽ നിന്ന്, സർക്കാർ അനുവാദത്തോടെ മരുന്നുകൾ ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 പൊതുമരാമത്ത് പ്രവൃത്തികൾ-അശാസ്ത്രീയമായ ആസൂത്രണവും നടപ്പാക്കലും

ഒരു എഞ്ചിനീയറും രണ്ട് ഓവർസീയർമാരും ഒരു ക്ലാർക്കും മാത്രമാണ് പഞ്ചായത്തിലെ എൻജിനീയറിംഗ് വിഭാഗത്തിലുള്ളത്. തൻവർഷം പഞ്ചായത്തിൽ അംഗീകാരം വാങ്ങിയ 347 പ്രൊജക്ടുകളിൽ 251 പ്രോജക്ടുകൾ നടപ്പാക്കി. ഇത് കൂടാതെ അസിസ്റ്റന്റ് എൻജിനീയർക്ക് ബത്തേരി നഗരസഭയുടെ അഡീഷണൽ ചാർജ്ജും ഉണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവർ വെക്കുന്ന പദ്ധതികളുടെ ജോലികളും എൻജിനീയർ നിർവഹിക്കേണ്ടതായിട്ടുണ്ട്. ചെറിയ, ചെറിയ തുകകൾ വകയിരുത്തി അസംഖ്യം റോഡ് പ്രവൃത്തികൾ ഉൾപ്പെടെ ഭാഗികമായ പ്രവൃത്തികളാണ് പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുള്ളത്. പല റോഡുകളും കുറച്ചുഭാഗം മാത്രം റീടാറിംഗ് നടത്തി മറ്റു ഭാഗം കുണ്ടും കുഴിയുമായി അവശേഷിക്കുന്നു. ഒരു റോഡും പൂർണ്ണമായി ഗതാഗതയോഗ്യമാക്കുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നില്ല. പരിമിതമായ സ്റ്റാഫ് മാത്രം ഉണ്ടായിരിക്കെ പൊതുമരാമത്ത് മേഖലയിൽ അസംഖ്യം പ്രൊജക്ടുകൾ വയ്ക്കുന്നത് ശരിയല്ല. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ 16.11.13 ലെ ജി.ഒ.(എം.എസ്) 362/2013 പ്രകാരം ഒരു പദ്ധതി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിലായിരിക്കണം പ്രോജക്ട് തയ്യാറാക്കേണ്ടത്. തുകകൾക്ക് അനുസൃതമായി ഭാഗികമായ പ്രോജക്ടുകൾ തയ്യാറാക്കാൻ പാടില്ല. പ്രൊജക്ട് തയ്യാറാക്കിയതിലൂടെ ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കുന്നതിനൊപ്പം തൻവർഷം ചെലവഴിക്കേണ്ട വൻ തുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും ഇത് കാരണമാകുന്നുണ്ട്. പ്രവൃത്തികളുടെ ബാഹുല്യം കാരണവും ജീവനക്കാരുടെ എണ്ണത്തിലെ പരിമിതി കാരണവും പ്രവൃത്തികളുടെ ഭൂരിഭാഗവും നിർവ്വഹിച്ചാൽ തന്നെ ഗുണമേന്മ ഉറപ്പു വരുത്താൻ സ്റ്റാഫിനു സൈറ്റ് സന്ദർശിക്കാൻ കഴിയാത്തതുമൂലം കഴിയുകയില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ പതിയേണ്ടതുണ്ട്.

## 3-7 മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് കോൺക്രീറ്റ് വർക്കുകൾക്ക് തുക ചെലവഴിച്ചു.

പഞ്ചായത്തിലെ ടാറിംഗ് റോഡുകളുടെ മെയിന്റനൻസിനുവേണ്ടി ഉപയോഗിക്കേണ്ട റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് റോഡുകൾ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ഇത് അനുവദനീയമല്ല. ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 കല്ലൂർ പൈതൃകമ്യൂസിയം സ്ഥലം മണ്ണ് നിറക്കൽ ,നഷ്ടം-189784

പ്രോജക്ട് - കല്ലൂർ പൈതൃകമ്യൂസിയം സ്ഥലം മണ്ണ് നിറക്കൽ

പ്രോജക്ട് നമ്പർ - 419/15

നിർവഹണം - അസി എഞ്ചിനീയർ

ഫണ്ട് - വികസനഫണ്ട്.

അളവു പുസ്തകം - 466/15-16

അടങ്കൽ - 200000

കൺവീനർ - എം.നാരായണൻകുട്ടി

വൗച്ചർനം - 166/16/23.3.16-189784

ഈ വർക്കിൽ ഒന്നാമത്തെയിനമായി Earthwork excavation in ordinary soil and disposing the cut earth for filling the roadway with iniitial lead up to 5 k.m.by lorry,including breaking clods watering ,ramming and sectioning the soil etc complete for foundations with all cost ,conveyance of material and all labour charges etc എന്ന ഐറ്റമാണ് ചെയ്തത്. ഈ ഐറ്റത്തിന് 10 ഘനമീറ്ററിന് 1997(without C.P) രൂപയാണ് നിരക്ക് നൽകാവുന്നത് . 714.17 ഘ.മീ.ചെയ്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതിന് 10 ഘനമീറ്ററിന് 2507 രൂപ നിരക്കിൽ 179042രൂപ അനുവദിച്ചു. ഈ മണ്ണ് നിറക്കുന്നതിന് 10 ഘന മീറ്ററിന് 2507 രൂപനിരക്കിൽ നൽകിയത് അംഗീകരിക്കാവുന്നതല്ല. കൺസോളിഡേഷൻ 20 % കുറച്ചിട്ടില്ല.

1. 8.12.16 ന് നടത്തിയ സ്ഥലപരിശോധനയിൽ മുൻപ് സൈഡ്കെട്ടിയ സ്ഥലത്താണ് മണ്ണ് നിറച്ചത് എന്ന് കണ്ടു .മുൻപ് സൈഡ് കെട്ടിയപ്പോൾ മണ്ണ് നിറച്ചിരുന്നോ എന്ന് വ്യക്തമല്ല.കൂടാതെ അനാവശ്യമായി പരിസരപ്രദേശങ്ങളിൽ മണ്ണ് കൂന കൂട്ടിയിരിക്കുന്നതായി കണ്ടു.ഈ സ്ഥലത്ത് പഞ്ചായത്ത് കെട്ടിടം പണിയുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുമില്ല. കെട്ടിടത്തിന് പ്രോജക്ട് തയ്യാറാക്കുമ്പോൾ എസ്റ്റിമേറ്റിൽ ഒരു ഐറ്റം ആയി മാത്രം ഉൾപ്പെടുത്തേണ്ട മണ്ണുനിറക്കലിന് പ്രത്യേകം പ്രോജക്ട് തയ്യാറാക്കിയത് അംഗീകരിക്കാനാവില്ല.ഇനി കെട്ടിടം പണിയണമെങ്കിൽത്തന്നെ നിലവിൽ ഇപ്പോൾ നിറച്ച മണ്ണ് മാറ്റേണ്ടിവരും. ഗുണഭോക്തൃസമിതിയാണ് പ്രവൃത്തി നടപ്പാക്കിയതായി കാണുന്നത്. ഈ പ്രവൃത്തികൊണ്ട് ഏത് ഗുണഭോക്താക്കൾക്ക് എന്തു മെച്ചമാണെന്ന് വ്യക്തമല്ല. സൈറ്റിൽ സുലഭമായ മണ്ണ് നിറച്ചതിന് അനാവശ്യമായി തയ്യാറാക്കിയ ഒരു പ്രോജക്ടാണ് ഇതെന്നാണ് ഓഡിറ്റ് കണ്ടെത്തിയിത്. കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടുമില്ല. പ്രവൃത്തിയുടെ ഗുണഭോക്തൃകമ്മിറ്റി മിനുട്സോ, മറ്റ് ചെലവു രേഖകളോ ഓഡിറ്റിന് ഹാജരാക്കിയില്ല. ഈ പ്രവൃത്തിയുടെ കൺവീനറായ ആൾ പഞ്ചായത്തിലെ മറ്റ് പ്രവൃത്തികൾ ഏറ്റെടുത്ത ഒരു കരാറുകാരനാണ്. ബിനാമി ഇടപാട് കൺവീനർ പ്രവൃത്തികളിൽ അനുവദനീയമല്ല. പ്രോജക്ട് വർക്കിംഗ് ഗ്രൂപ്പിലോ, ഗ്രാമസഭയിലോ ഈ പ്രോജക്ട് ശുപാർശ ചെയ്തതായിക്കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 11/15-16/9.12.16 ന് നൽകിയ മറുപടിയിൽ പ്രവൃത്തി പ്രദേശത്ത് മുൻപ് മണ്ണ് നിറച്ചിട്ടില്ല എന്നും മണ്ണ് ഉറച്ചതിന് ശേഷം മാത്രമാണ് കെട്ടിടം പണിയാൻ കഴിയുകയുള്ളൂ എന്നും പറഞ്ഞിട്ടുണ്ട്. അതിനാലാണ് മണ്ണ് നിറക്കൽ പ്രത്യേക പ്രവൃത്തി ആക്കിയത് എന്നും മണ്ണ് സുലഭമായി ലഭിക്കുന്ന സാഹചര്യമല്ല എന്ന് പറഞ്ഞിട്ടുണ്ട്. കൺവീനറുടെ ചെലവുരേഖകളും മിനുട്സും ഹാജരാക്കുന്നതിന് കൺവീനറോട് ആവശ്യപ്പെടുന്നതാണ് എന്നും കൺവീനർ കരാറുകാരൻ ആണെന്നത് യാദൃശ്ചികമായി വിട്ടുപോയതാണെന്നും പറഞ്ഞു. എന്നാൽ ഈ മറുപടി അംഗീകരിക്കാൻ കഴിയില്ല. കെട്ടിടം പണിയുന്നതിന് പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. ആവശ്യത്തിൽ കൂടുതൽ മണ്ണ് പരിസര പ്രദേശങ്ങളിൽ കൂട്ടിയിട്ടിരിക്കുന്നു. കൺവീനറുടെ ചെലവുരേഖകൾ ഇല്ലാതെ തുക നൽകിയത് അംഗീകരിക്കാനാവില്ല. പഞ്ചായത്തിലെ പ്രവർത്തികൾ സ്ഥിരം ഏറ്റെടുക്കുന്ന കരാറുകാരൻ കൺവീനർ ആണെന്നത് യാദൃശ്ചികമായി വിട്ടുപോയതാണെന്നതും ശരിയല്ല. 189784/- രൂപയുടെ ചെലവ് ഓഡിറ്റിൽ

നിരാകരിക്കുന്നു.

## 3-9 കല്ലൂർ ടൂറിസം കോംപ്ലക്സ് ആയുർവേദ ഹോസ്പിറ്റൽ എന്നിവക്ക് സമീപം സൈഡ് കെട്ടി മണ്ണ് നിറക്കൽ നഷ്ടം- 149674 രൂപ

പ്രോജക്ട് നമ്പർ - 418/15

നിർവഹണം - അസി എഞ്ചിനീയർ

ഫണ്ട് - വികസനഫണ്ട്.

അളവുപുസ്തകം - 78/15-16

അടങ്കൽ - 150000

കൺവീനർ - എം.നാരായണൻകുട്ടി

വൗച്ചർ നം. - 264/16/31.3.16-149674

ഈ വർക്കിൽ ഒന്നാമത്തെയിനമായി Earthwork excavation in ordinary soil and disposing the cut earth for filling the roadway with iniitial lead up to 5 k.m.by lorry,including breaking clods watering ,ramming and sectioning the soil etc complete for foundations with all cost ,conveyance of material of materials and all labour charges etc എന്ന ഐറ്റമാണ് ചെയ്തത്. ഈ എറ്റത്തിന് 10 ഘനമീറ്ററിന് 1997(without C.P) രൂപയാണ് നിരക്ക് നൽകാവുന്നത്. 1239 ഘ.മീ. ചെയ്തതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയെങ്കിലും എസ്റ്റിമേറ്റിൽ ലിമിറ്റ് ചെയ്ത് 563.23 ഘനമീറ്ററിന് 10 ഘനമീറ്ററിന് 2507 രൂപ നിരക്കിൽ 141201/- രൂപ അനുവദിച്ചു. ഈ മണ്ണ് നിറക്കുന്നതിന് 10 ഘന മീറ്ററിന് 2507 രൂപനിരക്കിൽ നൽകിയത് അംഗീകരിക്കാവുന്നതല്ല. കൺസോളിഡേഷൻ 20% കുറച്ചിട്ടില്ല.

8.12.16 ന് നടത്തിയ സ്ഥലപരിശോധനയിൽ മുൻപ് സൈഡ് കെട്ടിയ സ്ഥലത്താണ് മണ്ണ് നിറച്ചത് എന്ന് കണ്ടു. കൂടാതെ 3 കെട്ടിടങ്ങൾ ഇവിടെ നിലവിലുള്ളതിനാൽ, ആയവയുടെ നിരപ്പിൽ മുൻപ് സൈഡ് കെട്ടിയപ്പോൾ മണ്ണ് നിറച്ചിരുന്നോ എന്ന് വ്യക്തമല്ല. കൂടാതെ അനാവശ്യമായി പരിസരപ്രദേശങ്ങളിൽ മണ്ണ് കൂന കൂട്ടിയിരിക്കുന്നതായി കണ്ടു. ഈ സ്ഥലത്ത് പഞ്ചായത്ത് കെട്ടിടം പണിയുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുമില്ല. കെട്ടിടത്തിന് പ്രോജക്ട് തയ്യാറാക്കുമ്പോൾ എസ്റ്റിമേറ്റിൽ ഒരു ഐറ്റം ആയി മാത്രം ഉൾപ്പെടുത്തേണ്ട മണ്ണ നിറക്കലിന് പ്രത്യേകം പ്രോജക്ട് തയ്യാറാക്കിയത് അംഗീകരിക്കാനാവില്ല. ഇനി കെട്ടിടം പണിയണമെങ്കിൽത്തന്നെ നിലവിൽ ഇപ്പോൾ നിറച്ച മണ്ണ് മാറ്റേണ്ടിവരും. ഗുണഭോക്തൃ സമിതിയാണ് പ്രവൃത്തി നടപ്പാക്കിയതായി കാണുന്നത്. ഈ പ്രവൃത്തി കൊണ്ട് ഏത് ഗുണഭോക്താക്കൾക്ക് എന്തു മെച്ചമാണെന്ന് വ്യക്തമല്ല. സൈറ്റിൽ സുലഭമായ മണ്ണ് നിറച്ചതിന് അനാവശ്യമായി തയ്യാറാക്കിയ ഒരു പ്രോജക്ടാണ് ഇതെന്ന് ഓഡിറ്റ് അനുമാനിക്കുന്നു. കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടുമില്ല. പ്രവൃത്തിയുടെ ഗുണഭോക്തൃ കമ്മിറ്റി മിനുട്സോ, മറ്റ് ചെലവു രേഖകളോ ഓഡിറ്റിന് ഹാജരാക്കിയില്ല. ഈ പ്രവൃത്തിയുടെ കൺവീനറായ ആൾ പഞ്ചായത്തിലെ മറ്റ് പ്രവൃത്തികൾ ഏറ്റെടുത്ത ഒരു കരാറുകാരനാണ്. ബിനാമി ഇടപാട് കൺവീനർ പ്രവൃത്തികളിൽ അനുവദനീയമല്ല. പ്രോജക്ട് വർക്കിംഗ് ഗ്രൂപ്പിലോ, ഗ്രാമസഭയിലോ ഈ പ്രോജക്ട് ശുപാർശ ചെയ്തതായിക്കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ – 11/15-16/9.12.16 ആവശ്യമായ വിശദീകരണങ്ങളും അധിക രേഖകളുണ്ടെങ്കിൽ ആയവയും ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ചതിന് നൽകിയ മറുപടിയിൽ പ്രവൃത്തി പ്രദേശത്ത് മുൻപ് മണ്ണ് നിറച്ചിട്ടില്ല എന്നും മണ്ണ് ഉറച്ചതിന് ശേഷം മാത്രമാണ് കെട്ടിടം

പണിയാൻ കഴിയുകയുള്ളു എന്നും പറഞ്ഞിട്ടുണ്ട്. അതിനാലാണ് മണ്ണ് നിറക്കൽ പ്രത്യേക പ്രവൃത്തി ആക്കിയത് എന്നും മണ്ണ് സുലഭമായി ലഭിക്കുന്ന സാഹചര്യമല്ല എന്ന് പറഞ്ഞിട്ടുണ്ട്. കൺവീനറുടെ ചെലവു രേഖകളും മിനുട്സും ഹാജരാക്കുന്നതിന് കൺവീനറോട് ആവശ്യപ്പെടുന്നതാണ് എന്നും കൺവീനർ കരാറുകാരൻ ആണെന്നത് യാദൃശ്ചികമായി വിട്ടുപോയതാണെന്നും പറഞ്ഞു. എന്നാൽ ഈ മറുപടി അംഗീകരിക്കാൻ കഴിയില്ല. കെട്ടിടം പണിയുന്നതിന് പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. ആവശ്യത്തിൽ കൂടുതൽ മണ്ണ് പരിസരപ്രദേശങ്ങളിൽ കൂട്ടിയിട്ടിരിക്കുന്നു. കൺവീനറുടെ ചെലവുരേഖകൾ ഇല്ലാതെ തുക നൽകിയത് അംഗീകരിക്കാനാവില്ല. പഞ്ചായത്തിലെ പ്രവർത്തികൾ സ്ഥിരം ഏറ്റെടുക്കുന്ന കരാറുകാരൻ കൺവീനർ ആണെന്നത് യാദൃശ്ചികമായി വിട്ടുപോയതാണെന്നതും ശരിയല്ല. 149674/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-10 കണ്ണങ്കോട് മാതമംഗലം റോഡ് ഫോർമേഷൻ- നഷ്ടം-15167,തടസ്സം-205884

നിർവഹണം - അസി എഞ്ചിനീയർ

ഫണ്ട് - ബി.ആർ.ജി.എഫ്

അളവു പുസ്തകം - 223/14-15

അടങ്കൽ - 347000

ചെലവഴിച്ച തുക - 221051

കൺവീനർ - മാത്യൂസ് .കെ.എം.

വൗച്ചർനം. - 42/15-16 /28.11.15

ഈ വർക്കിൽ അഞ്ചാമത്തെയിനമായി Earthwork excavation in ordinary soil and disposing the cut earth for filling the roadway with iniitial lead up to 5 k.m.by lorry,including breaking clods watering ,ramming and sectioning the soil etc complete for foundations with all cost ,conveyance of material of materials and all labour charges etc എന്ന ഐറ്റമാണ് ചെയ്തത്. ഈ ഐറ്റത്തിന് 10 ഘനമീറ്ററിന് 1997(without C.P) രൂപയാണ് നിരക്ക് നൽകാവുന്നത്. 230.28 ഘ.മീ. ചെയ്തതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിന്, കൺസോളിഡേഷൻ 10% കുറച്ച്, 207.25 ഘനമീറ്ററിന് 10 ഘനമീറ്ററിന് 2507/- രൂപ നിരക്കിൽ 51957/- രൂപ അനുവദിച്ചു. ഈ മണ്ണ് നിറക്കുന്നതിന് 10 ഘന മീറ്ററിന് 2507/- രൂപനിരക്കിൽ നൽകിയത് അംഗീകരിക്കാവുന്നതല്ല. കൺസോളിഡേഷൻ 20% കുറച്ചിട്ടില്ല. 230.28 ഘ.മീ മണ്ണിൽ നിന്നും 20% കൺസോളിഡേഷൻ കുറച്ചാൽ 184.23 (230.28-46.05) മണ്ണിന് നൽകാവുന്ന നിരക്ക് 36790/- രൂപ മാത്രമാണ്. അധികം നൽകിയത് 51957-36790 =15167 രൂപ. കൺവീനറുടെ ചെലവു രേഖകളോ മിനുട്സോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽപ്രവൃത്തികൾക്ക് ഭൂമി വിട്ടുകിട്ടിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 9/15-16/8.12.16 പ്രകാരം നൽകിയ മറുപടിയിൽ ടിപ്പർ, മോട്ടോർ, ബാക്ക് ഹോൾ ലോഡർ, മാനുവൽ മീൻ എന്നിങ്ങനെ മണ്ണ് അമർത്തിയതു കൊണ്ടാണ് കൺസോളിഡേഷൻ 10% കുറച്ചത് എന്ന് അറിയിച്ചു. കൂടാതെ പുറമേ നിന്ന് മണ്ണ് കൊണ്ടുവന്ന് നിറച്ചതിനാണ് 2507 റേറ്റ് നൽകിയത് എന്നും അറിയിച്ചു. ഇത് അംഗീകരിക്കാവുന്നതല്ല. അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതു പ്രകാരം മണ്ണ് അമർത്തിയിട്ടില്ല. കൂടാതെ മണ്ണ് പുറമേ നിന്ന് കൊണ്ടുവരുന്നതിനുള്ള കൺവേയൻസ് മാത്രമാണ് 2507. കൺവേയൻസ് ഉൾപ്പെടെ മണ്ണ് കൊണ്ടുവന്ന് സൈറ്റിൽ നിറക്കുന്നതിന് ഉള്ള റേറ്റ് ആണ് 1997 എന്നത്. ആയതിനാൽ

മറുപടി അംഗീകരിക്കാവുന്നതല്ല.

ആകെ നൽകിയ തുകയിൽ അധികം നൽകിയ 15167/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. കൺവീനറുടെ ചെലവുരേഖകളോ മിനുട്സോ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ബാക്കി 205884/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 പ്രോജക്ട്-മാറോട് പുത്തൻചിറ റോഡ് ഫോർമേഷൻ- 64245 രൂപ അധികം നൽകി.

പ്രോജക്ട് നമ്പർ - 317/15

നിർവഹണം - അസി എഞ്ചിനീയർ

ഫണ്ട് - വികസനഫണ്ട്.

അളവുപുസ്തകം - 496/15-16

അടങ്കൽ - 690000

കൺവീനർ - ലക്ഷ്മണൻ ,മാറോഡ്

വൗച്ചർനം - 242/16/31.3.16-149674

ഈ വർക്കിൽ അഞ്ചാമത്തെയിനമായി Earthwork excavation in ordinary soil and disposing the cut earth for filling the roadway with iniitial lead up to 5 k.m.by lorry,including breaking clods watering, ramming and sectioning the soil etc complete for foundations with all cost, conveyance of material of materials and all labour charges etc എന്ന ഐറ്റമാണ് ചെയ്തത്. ഈ എറ്റത്തിന് 10 ഘനമീറ്ററിന് 1997 (without C.P) രൂപയാണ് നിരക്ക് നൽകാവുന്നത്. 417.7 ഘ.മീ. ചെയ്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതിന്, കണസോളിഡേഷൻ 10% കുറച്ച്, 375.93 ഘനമീറ്ററിന് 10 ഘനമീറ്ററിന് 2507/- രൂപ നിരക്കിൽ 94245/- രൂപ അനുവദിച്ചു. ഈ മണ്ണ് നിറക്കുന്നതിന് 10 ഘന മീറ്ററിന് 2507/- രൂപനിരക്കിൽ നൽകിയത് അംഗീകരിക്കാവുന്നതല്ല. കൺസോളിഡേഷൻ 20% കുറച്ചിട്ടില്ല. 417.7 ഘ.മീ മണ്ണിൽ നിന്നും 20% കൺസോളിഡേഷൻ കുറച്ചാൽ 334.16 (417.7-83.54) മണ്ണിന് നൽകാവുന്ന നിരക്ക് 66063/- രൂപ മാത്രമാണ്. അധികം നൽകിയത് 94245-66063 =28182 രൂപ. കൂടാതെ കൺവീനറുടെ ചെലവു കണക്കുകൾ പ്രകാരം മണ്ണ് കൊണ്ടുവന്നതിന് 30000/- രൂപ മാത്രമാണ് ചെലവ് കാണിച്ചിരിക്കുന്നത്. അതനുസരിച്ച് 64245/- രൂപ ഈയിനത്തിൽ അധികം നൽകി. മേൽപ്രവൃത്തികൾക്ക് ഭൂമി വിട്ടുകിട്ടിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 9/15-16/8.12.16 പ്രകാരം ചൂണ്ടിക്കാണിച്ചതിന് നൽകിയ മറുപടിയിൽ ടിപ്പർ, മോട്ടോർ, ബാക്ക് ഹോൾ ലോഡർ, മാനവൽ മീൻ എന്നിങ്ങനെ മണ്ണ് അമർത്തിയതുകൊണ്ടാണ് കൺസോളിഡേഷൻ 10% കുറച്ചത് എന്ന് അറിയിച്ചു. കൂടാതെ പുറമേ നിന്ന് മണ്ണ് കൊണ്ടുവന്ന് നിറച്ചതിനാണ് 2507 റേറ്റ് നൽകിയത് എന്നും അറിയിച്ചു. ഇത് അംഗീകരിക്കാവുന്നതല്ല. അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതു പ്രകാരം മണ്ണ് അമർത്തിയിട്ടില്ല. കൂടാതെ മണ്ണ് പുറമേ നിന്ന് കൊണ്ടുവരുന്നതിനുള്ള കൺവേയൻസ് മാത്രമാണ് 2507. കൺവേയൻസ് ഉൾപ്പെടെ മണ്ണ് കൊണ്ടുവന്ന് സൈറ്റിൽ നിറക്കുന്നതിന് ഉള്ള റേറ്റ് ആണ് 1997 എന്നത്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

ആകെ നൽകിയ തുകയിൽ കൺവീനറുടെ കണക്കുകളിൽ കൂടാതെ, മണ്ണ് കൊണ്ടുവരുന്നതിന് അധികം നൽകിയ 64245/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-12 ചൂണ്ടപ്പാടി ചീങ്ങപ്പര റോഡ് ഫോർമേഷൻ- 92382 രൂപ അധികം നൽകി.

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | - | 318/15 |
| നിർവഹണം | - | അസി എഞ്ചിനീയർ |
| ഫണ്ട് | - | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| അളവുപുസ്തകം | - | 70/15-16 |
| അടങ്കൽ | - | 481000 |
| കൺവീനർ | - | രഘുനാഥൻ.സി.വി. |
| വൗച്ചർ നം. | - | 263/16/31.3.16-479924 |

ഈ വർക്കിൽ അഞ്ചാമത്തെയിനമായി Earthwork excavation in ordinary soil and disposing the cut earth for filling the roadway with iniitial lead up to 5 k.m.by lorry,including breaking clods watering ,ramming and sectioning the soil etc complete for foundations with all cost, conveyance of material of materials and all labour charges etc എന്ന ഐറ്റമാണ് ചെയ്തത്. ഈ എറ്റത്തിന് 10 ഘനമീറ്ററിന് 1997 (without C.P) രൂപയാണ് നിരക്ക് നൽകാവുന്നത്. 573 ഘ.മീ. ചെയ്തതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിന്, സൈറ്റിൽ ലഭ്യമായ 47.48 ഘ.മീ.മണ്ണും കണസോളിഡേഷൻ 10% ഉം കുറച്ച്, 468.22 ഘനമീറ്ററിന് 10 ഘനമീറ്ററിന് 2507 രൂപ നിരക്കിൽ 117382/- രൂപ അനുവദിച്ചു. ഈ മണ്ണ് നിറക്കുന്നതിന് 10 ഘന മീറ്ററിന് 2507/- രൂപനിരക്കിൽ നൽകിയത് അംഗീകരിക്കാവുന്നതല്ല. കൺസോളിഡേഷൻ 20% കുറച്ചിട്ടില്ല. 573 ഘ.മീ മണ്ണിൽ നിന്നും സൈറ്റിൽ ലഭ്യമായ 47.48 ഘ.മീ.മണ്ണും 20% കൺസോളിഡേഷനും കുറച്ചാൽ 420.52 (573-47.48-105) മണ്ണിന് 10 ഘനമീറ്ററിന് 1997 നിരക്കിൽ നൽകാവുന്ന നിരക്ക് 83978/- രൂപ മാത്രമാണ്. അധികം നൽകിയത് 117382-83978 =33404/- രൂപ. കൂടാതെ കൺവീനറുടെ ചെലവു കണക്കുകൾ പ്രകാരം മണ്ണ് കൊണ്ടുവന്നതിന് 25000 രൂപ മാത്രമാണ് ചെലവ് കാണിച്ചിരിക്കുന്നത്. അതനുസരിച്ച് 92382/- രൂപ ഈയിനത്തിൽ അധികം നൽകി. മേൽ പ്രവൃത്തികൾക്ക് ഭൂമി വിട്ടുകിട്ടിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 9/15-16/8.12.16 പ്രകാരം ചൂണ്ടിക്കാണിച്ചതിന് നൽകിയ മറുപടിയിൽ ടിപ്പർ, മോട്ടോർ, ബാക്ക് ഹോൾ ലോഡർ, മാനുവൽ മീൻ എന്നിങ്ങനെ മണ്ണ് അമർത്തിയതു കൊണ്ടാണ് കൺസോളിഡേഷൻ 10% കുറച്ചത് എന്ന് അറിയിച്ചു. കൂടാതെ പുറമേ നിന്ന് മണ്ണ് കൊണ്ടുവന്ന് നിറച്ചതിനാണ് 2507 റേറ്റ് നൽകിയത് എന്നും അറിയിച്ചു. ഇത് അംഗീകരിക്കാവുന്നതല്ല. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതു പ്രകാരം മണ്ണ് അമർത്തിയിട്ടില്ല. കൂടാതെ മണ്ണ് പുറമേ നിന്ന് കൊണ്ടുവരുന്നതിനുള്ള കൺവേയൻസ് മാത്രമാണ് 2507. കൺവേയൻസ് ഉൾപ്പെടെ മണ്ണ് കൊണ്ടുവന്ന് സൈറ്റിൽ നിറക്കുന്നതിന് ഉള്ള റേറ്റ് ആണ് 1997 എന്നത്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

ആകെ നൽകിയ തുകയിൽ കൺവീനറുടെ കണക്കുകളിൽ കൂടാതെ, മണ്ണ് കൊണ്ടുവരുന്നതിന് അധികം നൽകിയ 92382/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-13 വെള്ളതൊണ്ടി റോഡ് ഫോർമേഷൻ-നഷ്ടം-9151,തടസ്സം-436197

പ്രോജക്ട് നമ്പർ - 331/15

നിർവഹണം - അസി എഞ്ചിനീയർ

ഫണ്ട് - വികസനഫണ്ട്

അളവുപുസ്തകം - 495/15-16

അടങ്കൽ - 450000

കൺവീനർ - ബിന്തോഷ് .പി.എസ്

വൗച്ചർനം - 231/16/31.3.16-445348

ഈ വർക്കിൽ അഞ്ചാമത്തെയിനമായി Earthwork excavation in ordinary soil and disposing the cut earth for filling the roadway with iniitial lead up to 5 k.m.by lorry,including breaking clods watering ,ramming and sectioning the soil etc complete for foundations with all cost ,conveyance of material of materials and all labour charges etc എന്ന ഐറ്റമാണ് ചെയ്തത്. ഈ എറ്റത്തിന് 10 ഘനമീറ്ററിന് 1997 (without C.P) രൂപയാണ് നിരക്ക് നൽകാവുന്നത്. 191.4 ഘ.മീ. ചെയ്തതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിന്, സൈറ്റിൽ ലഭ്യമായ 51.80 ഘ.മീ. മണ്ണും കൺസോളിഡേഷൻ 10% ഉം കുറച്ച്, 125.64 ഘനമീറ്ററിന് 10 ഘനമീറ്ററിന് 2507/- രൂപ നിരക്കിൽ 31457/- രൂപ അനുവദിച്ചു. ഈ മണ്ണ് നിറക്കുന്നതിന് 10 ഘന മീറ്ററിന് 2507/- രൂപനിരക്കിൽ നൽകിയത് അംഗീകരിക്കാവുന്നതല്ല. കൺസോളിഡേഷൻ 20% കുറച്ചിട്ടില്ല. 191.4 ഘ.മീ മണ്ണിൽ നിന്നും സൈറ്റിൽ ലഭ്യമായ 51.80 ഘ.മീ.മണ്ണും 20% കൺസോളിഡേഷനും കുറച്ചാൽ 111.7 (191.4-51.8-27.9) മണ്ണിന് 10 ഘനമീറ്ററിന് 1997 നിരക്കിൽ നൽകാവുന്നത് 22306/- രൂപ മാത്രമാണ്. അധികം നൽകിയത് 31457-22306 = 9151 രൂപ. കൂടാതെ കൺവീനറുടെ ചെലവുരേഖകളോ മിനട്സോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽപ്രവൃത്തികൾക്ക് ഭൂമി വിട്ടുകിട്ടിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 9/15-16/8.12.16 പ്രകാരം ചൂണ്ടിക്കാണിച്ചതിന് നൽകിയ മറുപടിയിൽ ടിപ്പർ, മോട്ടോർ, ബാക്ക് ഹോൾ ലോഡർ, മാനവൽ മീൻ എന്നിങ്ങനെ മണ്ണ് അമർത്തിയതു കൊണ്ടാണ് കൺസോളിഡേഷൻ 10% കുറച്ചത് എന്ന് അറിയിച്ചു. കൂടാതെ പുറമേ നിന്ന് മണ്ണ് കൊണ്ടുവന്ന് നിറച്ചതിനാണ് 2507 റേറ്റ് നൽകിയത് എന്നും അറിയിച്ചു. ഇത് അംഗീകരിക്കാവുന്നതല്ല. അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതു പ്രകാരം മണ്ണ് അമർത്തിയിട്ടില്ല. കൂടാതെ മണ്ണ് പുറമേ നിന്ന് കൊണ്ടുവരുന്നതിനുള്ള കൺവേയൻസ് മാത്രമാണ് 2507. കൺവേയൻസ് ഉൾപ്പെടെ മണ്ണ് കൊണ്ടുവന്ന് സൈറ്റിൽ നിറക്കുന്നതിന് ഉള്ള റേറ്റ് ആണ് 1997 എന്നത്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

ആകെ നൽകിയ തുകയിൽ അധികം നൽകിയ 9151/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. കൺവീനറുടെ ചെലവുരേഖകളോ മിനട്സോ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ബാക്കി 436197/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 പള്ളിവയൽ മണലി മൂല റോഡ് ഫോർമേഷൻ-നഷ്ടം-30728,തടസ്സം-251264

പള്ളിവയൽ മണലി മൂല റോഡ് ഫോർമേഷൻ -നഷ്ടം – 30728,

തടസ്സം – 251264

നിർവഹണം - അസി എഞ്ചിനീയർ

ഫണ്ട് - ബി.ആർ.ജി.എഫ്

അളവുപുസ്തകം - 215/14-15

അടങ്കൽ - 300000

കൺവീനർ - ഹരിദാസ് .പി.പി

വൗച്ചർനം - 41/15-16/26.11.15-281992

